# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ജനുവരി 2025




- ജൂബിലി നിറവിൽ പുതുവർഷം അമ്മയോടൊത്ത്
- അന്തിനേരത്തെ ക്രിസ്തുവിചാരങ്ങൾ
- മാമ്മോദീസ എന്ന കൂദാശ

# മാനാഞ്ചേരിക്കുന്ന് സെന്റ് പോൾ ദൈവാലയത്തിൽ

# ഇടവക മദ്ധ്യസ്ഥ തിരുനാളും

# വി. സെബസ്ത്യാനോസിന്റെ അമ്പുതിരുനാളും

**2025 ജനുവരി 24 | 25 | 26 തിയ്യതികളിൽ**



ക്രിസ്തുവിൽ സ്നേഹമുള്ളവരെ,

നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ മാനസാന്തര തിരുനാൾ സാഘോഷം  നാം കൊണ്ടാടുകയാണ്. മാനസാന്തരത്തിന്റെ മാതൃകയും ക്രിസ്തു സ്നേഹത്തിന്റെ രക്തസാക്ഷിയുമായ വി. പൗലോസിന്റെ മാദ്ധ്യസ്ഥം യാചിച്ചു കൊണ്ട് നവനാൾ ദിനങ്ങളിലും തിരുനാൾ ദിനങ്ങളിലും പ്രാർത്ഥനയോടെ നമുക്ക് ഒരുമിച്ചുചേരാം. ഏവരെയും തിരുനാളിലേക്ക് ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

**ഫാ. ഷാജു കുരിശിങ്കൽ**
**ഫാ. ആൻസ് പല്ലിശ്ശേരി**

തിരുനാൾ കൺവീനർ
**സച്ചിൻ പയ്യപ്പിള്ളി**

**പ്രസുദേന്തിമാർ**

**ഇടവക നവീകരണ ധ്യാനം**
2025 ജനുവരി 3,4,5

**നവനാൾ ദിനങ്ങൾ**
**ജപമാല, ദിവ്യബലി, നൊവേന, ആരാധന**
2025 ജനുവരി 14 മുതൽ 23 വരെ വൈകീട്ട് 5.30 ന്

**തിരുനാൾ ദിനങ്ങൾ**
2025 ജനുവരി 24,25,26

# മുഖമൊഴി








**ഫാ. ജോജോ പയ്യപ്പിള്ളി**
ചീഫ് എഡിറ്റർ

**1960**ൽ, അമേരിക്കയിലെ ഒരു ചെറു ഗ്രാമത്തിൽ ജനിച്ച ഒരു കുട്ടി, അവന്റെ പേര് മൈക്കൽ ജോർദാൻ. ചെറുപ്പത്തിൽ, സ്കൂൾ ബാസ്കറ്റ്ബോൾ ടീമിൽ തിരഞ്ഞെടുക്കാത്തതിന്റെ സങ്കടം കൊണ്ട് തളർന്ന ജോർദാൻ തന്റെ ജീവിതത്തിലെ ഏറ്റവും വലിയ തിരുമാനമെടുത്തു.-'ദിവസവും എന്റെ ഏറ്റവും മികച്ചതായ ഒരു കഴിവുകൊണ്ടു തന്റെ തന്നെ കഴിവിനെ പരീക്ഷിക്കും'.

ഒരുനാൾ, ജോർദാൻ ബാസ്ക്കറ്റ്ബോൾ പ്രാക്ടീസിനായി പോകുമ്പോൾ, ഒരു ചെറിയ പക്ഷിയെ കണ്ടു. ആ പക്ഷിക്ക് ചിറകിന് അല്പം മുറിവ് സംഭവിച്ചിരുന്നു. ആ പക്ഷി പറക്കാൻ ശ്രമിച്ചിട്ട് ആദ്യമൊന്നും അതിന് സാധിക്കുന്നുണ്ടായിരുന്നില്ല. പക്ഷേ വീണ്ടും വീണ്ടും ശ്രമിച്ച് അതാകാശത്തിലേക്ക് പറന്നുയർന്നു. അവൻ കണ്ടകാഴ്ച വളരെ ചെറുതായിരുന്നെങ്കിലും ആ സംഭവം കുഞ്ഞ് മൈക്കിൾ ജോർദാന്റെ മനസ്സിൽ ഉണ്ടാക്കിയ മാറ്റം വലുതായിരുന്നു. പക്ഷിയെ നോക്കിക്കൊണ്ടിരുന്ന ജോർദാൻ ശ്രദ്ധിച്ചത് മുറിവ് പറ്റിയിരുന്നെങ്കിലും ആ പക്ഷി ഒരിക്കലും വീണ്ടും പറക്കുന്നതിന് ഭയന്നില്ല, അവന്റെ മുന്നിലെ ആകാശം എത്രയോ ഉയരമുള്ളതായിരുന്നെങ്കിലും.

ആ ചെറുപക്ഷിയുടെ അപകടത്തിൽ നിലച്ചു പോകാതിരുന്ന പറക്കലിൽ നിന്ന് പ്രചോദനം ലഭിച്ച്, ജോർദാൻ വീണ്ടും വീണ്ടും പ്രാക്ടീസ് ചെയ്യാൻ തുടങ്ങി. ഓരോ ദിവസവും ചെറിയ മുന്നേറ്റങ്ങൾ: കൂടുതൽ സമയം ഫ്രീ ത്രോ പ്രാക്ടീസ് ചെയ്യുക, കൂടുതൽ പരിശീലനത്തിൽ ചെലവഴിക്കുക, ആകുന്നതിലും കൂടുതൽ പാസുകൾ നടത്തുക.

ഒരാളുടെ ദൈനംദിന പ്രവർത്തനങ്ങൾ ചെറിയതാണെന്ന് തോന്നാമെങ്കിലും, വലിയ വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്നു. 1984-ൽ, മൈക്കൽ ജോർദാൻ ഗോൾഡൻ പ്ലെയർ ആയി തെരഞ്ഞെടുക്കപ്പെട്ടു. ഇന്ന് ചരിത്രത്തിന്റെ സുവർണ്ണ ലിപികളിൽ ബാസ്കറ്റ് ബോൾ താരം മൈക്കിൾ ജോർദാന്റെ പേര് എഴുതപ്പെട്ടിരിക്കുന്നു.

പുതുവത്സരം എന്താണെന്ന് ചോദിച്ചാൽ പലർക്കും വ്യത്യസ്തമായ മറുപടികൾ കാണാം. ചിലർക്കത് പുതുയോജനങ്ങളുടെ തുടക്കമാണ്; മറ്റുചിലർക്കത് പഴയ വേദനകളുടെ അവസാനം. ഒരു പുതുവത്സരം വരുമ്പോൾ നമ്മിൽ ഓരോരുത്തരും എന്തോ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതാണ്.

പുതുവത്സരം പറയുന്നത് അതാണ്: ചെറിയ പദ്ധതികൾ, പ്രതീക്ഷയുടെ കണികകൾ, പുതുതായി ആരംഭിക്കാനുള്ള ധൈര്യം. ഒരു ചെറിയ മാറ്റം കൊണ്ടെങ്കിലും, നമ്മുടെ ഹൃദയത്തിൽ സന്തോഷത്തിന്റെ തളികകൾ നിറയ്ക്കാനാകും. ജീവിതത്തിൽ അതാണ് ഏറ്റവും പ്രധാനപ്പെട്ടതും.

നമ്മുടെ ഇന്നലെകളുടെ പരാജയങ്ങൾ തലയെടുപ്പോടെ നേരിടുകയും നാളെയെകുറിച്ച് ആത്മവിശ്വാസത്തോടെ ആലോചിക്കാനും നമുക്ക് കഴിവുണ്ടാകണം. ഇന്നലകളുടെ പാഠങ്ങൾ ജീവിതത്തിന്റെ അധ്യായങ്ങൾക്ക് അടിത്തറ വയ്ക്കുന്നു. അതിനെ അതിജീവിച്ചും, പുതിയ സന്ദേശങ്ങൾ തേടിയും ഉള്ള ചിന്തനമാണ് പുതുവത്സരത്തിന്റെ ഏറ്റവും വലിയ പ്രതീക്ഷ. ഓരോ പുതുവത്സരവും നമ്മെ പുതുമയിലേക്ക് മുന്നേറുവാൻ പ്രേരിപ്പിക്കുന്നതാണ്.

സാഹചര്യം എന്നത് പ്രതിസന്ധികൾ കൊണ്ട് നിറഞ്ഞതായിരിക്കാം, പക്ഷേ സ്വപ്നങ്ങൾ പൂവിരിയുന്നത് നമ്മുടെ പരിശ്രമത്തിലാണെന്ന സത്യത്തിൽ വിശ്വാസംവെച്ചു നിൽക്കുക. പുതിയ വർഷം ഒരു പുതിയ സാധ്യതയായി സ്വീകരിക്കുക.'

*പുതുവത്സരാശംസകൾ...*






കേരള ലത്തീൻ കത്തോലിക്ക സഭയുടെ ഉന്നത നയരൂപീകരണ സമിതിയായ കേരള റീജിയണൽ ലാറ്റിൻ കാത്തലിക് കൗൺസിൽ (KRLCC) ജനറൽ സെക്രട്ടറിയായും കേരള റീജിയണൽ ലാറ്റിൻ കാത്തലിക് ബിഷപ്പ്സ് കൗൺസിൽ (KRLCBC) ഡെപ്യൂട്ടി സെക്രട്ടറിയായും, ചുമതലയേറ്റ

**ജിജു ജോർജ് അറക്കത്തറ അച്ചന്**

കോട്ടപ്പുറം രൂപത കുടുംബത്തിന്റെ

**പ്രാർത്ഥനാശംസകൾ**




*മറിയം പറഞ്ഞു: ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!
അപ്പോൾ ദൂതൻ അവളുടെ മുമ്പിൽ നിന്നു മറഞ്ഞു.*

ലൂക്കാ 1:38

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ജനുവരി 2025



**രക്ഷാധികാരി**

റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**

ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**

ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ

ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**

ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**

ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**

ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**

ഫാ. ലിജോ മാത്യു താണിപ്പിള്ളി

ശ്രീ. സിപ്പി പള്ളിപ്പുറം

ശ്രീ. ജോയ് ഗോതുരുത്ത്

ശ്രീ. ജോസഫ് പനക്കൽ

**ഡി.ടി.പി.**

ശ്രീമതി നിഷ സോജൻ



എഡിറ്റർ, ദിദിമോസ്, വികാസ്,

കോട്ടപ്പുറം – 680 667

ഫോൺ : 8281420078

didimoskottapuram@gmail.com


## താളുകളിൽ


*പൈതൃകാമുഖം*

**ജൂബിലി നിറവിൽ പുതുവർഷം അമ്മയോടൊത്ത് ...... 4**

*ഇടയലേഖനം*

**ജൂബിലി – 2025 ...... 6**

**അന്തിനേരത്തെ ക്രിസ്തുവിചാരങ്ങൾ ...... 9**

*ചരിത്രക്കണ്ണി : ഭാഗം 1*

**സെന്റ് തോമസ് ക്രിസ്ത്യാനികളെ സത്യവിശ്വാസത്തിലേക്കും റോമാ സഭയിലേക്കും നയിച്ച ചെങ്കോലും രാജ്യപത്രികയും ...... 11**

*വിശ്വാസത്തിന്റെ വഴിത്താര*

**മാമ്മോദീസ എന്ന കൂദാശ ...... 14**

**വടക്കു കിഴക്കൻ ഇന്ത്യയിലെ ഒ.എസ്.ജെ സഭയുടെ മിഷൻ ദൗത്യം ...... 16**

**മേരി വാർഡ് – ധൈര്യത്തിന്റെയും അനുകമ്പയുടെയും ഒരു ദർശനം. ...... 18**

*കറുപ്പ്*

**മുരിങ്ങാപ്പൂവുകൾ വിടരുമ്പോൾ : കാഴ്ചയുടെ രാഷ്ട്രീയം ...... 19**

*കത്തോലിക്കസഭയെ അറിയാം, പഠിക്കാം*

**ചാക്രിക ലേഖനങ്ങൾ, അപ്പസ്തോലിക പ്രബോധനങ്ങൾ ...... 21**

*അയൽക്കൂട്ടം*

**നവവത്സരം പ്രത്യാശയോടെ ...... 23**

*വചനധ്യാനം*

**2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം .... 24**

**രൂപത വാർത്തകൾ ...... 25**

**പിതാവിന്റെ ഡയറി –ജനുവരി 27 ...... 28**







# ജൂബിലി നിറവിൽ പുതുവർഷം അമ്മയോടൊത്ത്



**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

**2**025 ഉണർന്നെഴുന്നേൽക്കുന്നത് പുതുവർഷത്തിന്റെ കാൽവയ്പ്പും പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃത്വതിരുനാളിന്റെ കയ്യൊപ്പും ജൂബിലി വർഷത്തിന്റെ പ്രത്യാശയുടെ പൊൻകിരണങ്ങളുമായാണ്. ജൂബിലി വർഷം കൃപയുടെയും അനുരഞ്ജനത്തിന്റെയും അനർഘ നിമിഷങ്ങളാണ്. കഴിഞ്ഞുപോയ വർഷങ്ങളുടെ ഇരുളടഞ്ഞ കുറ്റങ്ങളുടെയും പോരായ്മകളുടെയും ഭാരമിറക്കിവച്ച്, നൽകിയിരിക്കുന്ന സമയത്തെ ശിശുസഹജമായി നെഞ്ചിലേറ്റി മുന്നോട്ടുള്ള ജീവിതവഴികളെ അരുണോദയംപോലെ ഒലിച്ചിറങ്ങുന്ന പ്രത്യാശയോടെ സ്വീകരിക്കുവാനുള്ള ആഹ്വാനമാണ് ജൂബിലി വർഷം. മറ്റൊരു വിധത്തിൽപറഞ്ഞാൽ ദൈവത്തോടും മനുഷ്യരോടും പക്ഷിമൃഗാദിലതകളടങ്ങിയ മുഴുവൻ പ്രകൃതിയോടും ക്ഷമ ചോദിച്ചുകൊണ്ട് പുതിയ തുടക്കം കുറിക്കുവാനുള്ള നന്മനിറഞ്ഞ ഹൃദയത്തിന്റെ വലിയ ഒരു ഓർമ്മപ്പെടുത്തൽ.

വിശുദ്ധ ഗ്രന്ഥത്തിൽ അൻപതാം വർഷമാണ് ജൂബിലി ആയിട്ട് ആഘോഷിക്കുക. കത്തോലിക്കാ പാരമ്പര്യത്തിൽ ജൂബിലി വർഷത്തിന് ആരംഭം കുറിച്ചത് 1300 ഫെബ്രുവരി 22ന് ബോനിഫസ് 8-ാമൻ പാപ്പ ആണ്. ക്രിസ്തു ജനിച്ചതിന്റെ 2000 വർഷത്തിന്റെ ഓർമ്മ ആചരിച്ചുകൊണ്ട് ക്രിസ്തുജയന്തി മഹാജൂബിലി ആഘോഷിക്കുവാൻ വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ ആഹ്വാനം ചെയ്തു. വത്തിക്കാൻ കൗൺസിലിന്റെ അൻപതാം വാർഷികത്തോടനുബന്ധിച്ച് 2015-ൽ ഫ്രാൻസിസ്പാപ്പ ജൂബിലി വർഷം പ്രഖ്യാപിച്ചു. 2025 ജൂബിലി വർഷത്തിന്റെ വിഷയം പ്രത്യാശയാണ്. പ്രത്യാശയുടെ തീർത്ഥാടകരാണ് നാമോരോരുത്തരും എന്ന് ഫ്രാൻസിസ് പാപ്പ വ്യക്തമായി നമ്മെ ഓർമ്മപ്പെടുത്തുന്നു. മാമോദീസ സ്വീകരിച്ച നാം ഓരോരുത്തരും നമ്മുടെ ഉള്ളിലുള്ള പ്രത്യാശയുടെ പൊൻകിരണങ്ങൾ മറ്റുള്ളവരിലേക്ക് ആളിക്കത്തിക്കണമെന്നുമാണ് ഫ്രാൻസിസ് പാപ്പ ആവശ്യപ്പെടുന്നത്. 2024 ഡിസംബർ 24 ഫ്രാൻസിസ് പാപ്പ റോമിലെ സെന്റ് പീറ്റേഴ്സ് ബെസിലിക്കയുടെ വാതിൽ തുറന്നു കൊണ്ടാണ് Spes non Confundit (പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല. റോമ 5:5) എന്ന ബുള്ള വഴി പ്രത്യാശയുടെ കവാടം തുറക്കുന്നത്. ഡിസംബർ



അവൾ ഉദ്ഘോഷിച്ചു: നീ സ്ത്രീകളിൽ അനുഗൃഹീതയാണ്.
നിന്റെ ഉദരഫലവും അനുഗൃഹീതം.
ലൂക്കാ 1:42

29-ാം തീയതി ഞായറാഴ്ച കത്തോലിക്കാ സഭയിലെ എല്ലാ കത്തീഡ്രൽ ദേവാലയങ്ങളുടെയും വാതിലുകൾ തുറക്കുവാനായി പാപ്പ ഓരോ മെത്രാന്മാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യാശയുടെ വാതിലുകൾ തുറന്നുകൊണ്ട് ജൂബിലിവർഷം ആരംഭിക്കുമ്പോൾ ഈ ലോകത്തിലെ നിരാശയ്ക്കും സങ്കടത്തിനും ആകുലതയ്ക്കും രോഗത്തിനും മരണത്തിനുമപ്പുറം ക്രൈസ്തവികമായ പ്രത്യാശ ഉണ്ടെന്ന് ഓർമ്മപ്പെടുത്തുകയാണ്. പ്രത്യാശയുടെ അടിത്തട്ടിൽ ക്ഷമയുടെ ഒരു രത്നം ഉണ്ടെന്ന് സൂചിപ്പിക്കുമ്പോൾ മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ക്ഷമയും ചിന്താവിഷയമാകുന്നു. ലോകത്തിലെ നന്മകൾ പ്രത്യാശയുടെ പൊൻകതിരുകളായി കാണുവാൻ പാപ്പ ഓർമ്മപ്പെടുത്തുകയാണ് ഈ ജൂബിലിവർഷത്തിൽ.

യുദ്ധത്തിന്റെയും രോഗങ്ങളുടെയും കെടുതിയിൽ സമാധാനപൂർവ്വവും സന്തോഷപൂർവ്വവുമായ ഒരു പൊൻപുലരി സ്വപ്നം കാണുവാനുള്ള ശക്തമായ ആഹ്വാനമാണ് പ്രത്യാശ. ജീവിക്കുവാനുള്ള ആഗ്രഹം, ജീവൻ നൽകുവാനുള്ള ആഗ്രഹം, കുടുംബജീവിതത്തിന്റെ ഭദ്രത, ദാമ്പത്യ ജീവിതത്തിനും സന്താന സമൃദ്ധിയ്ക്കും വേണ്ടിയുള്ള വലിയ ഒരു തുറവി, പ്രത്യാശനൽകുന്ന, ജീവൻനൽകുന്ന, സന്തോഷം പകരുവാനായി നമ്മുടെ ലോകം കുഞ്ഞുങ്ങളുടെ ചിരിനിറഞ്ഞ, ആഹ്ലാദം നിറഞ്ഞ, നിമിഷങ്ങളാക്കി മാറ്റുവാൻ ഈ ജൂബിലിവർഷത്തിൽ പാപ്പ നമ്മെ എല്ലാവരെയും ക്ഷണിക്കുകയാണ്.

ജൂബിലി വർഷത്തിൽ ജയിലിൽ കഴിയുന്നവർക്ക് സ്വാതന്ത്ര്യമേകുവാൻ, രോഗികളായവർക്ക് സഹായം ചെയ്യുവാനായി, യുവജനങ്ങൾക്ക് പ്രതീക്ഷ നൽകുവാൻ, ജോലിക്കായും മറ്റും കുടിയേറിയിട്ടുള്ളവർക്ക് ഭാവിയെക്കുറിച്ച് പ്രതീക്ഷ നൽകുവാൻ, ജീവിക്കുവാനുള്ള അർത്ഥം നൽകുവാനായി ശതകോടിക്കണക്കിന് പാവപ്പെട്ടവർക്ക് ആവശ്യമായിട്ടുള്ളവ പ്രദാനം ചെയ്തുകൊണ്ട് അവരെ ശക്തിപ്പെടുത്തുവാനായി ഈ ജൂബിലി വർഷത്തിൽ പാപ്പ നമ്മെ ആഹ്വാനം ചെയ്യുന്നു. ഈ പുതുവർഷത്തിലും ജൂബിലി വർഷത്തിലും ഇല്ലാത്തവരുമായി പങ്കുവയ്ക്കുവാനും, കടങ്ങൾ എഴുതിത്തള്ളുവാനും, മാമോദിസ സ്വീകരിച്ച എല്ലാവരും ദൈവസാന്നിധ്യവും ദൈവാനുഭവവും പങ്കുവയ്ക്കുവാനും, ക്രൈസ്തവരേവരും ഏകമനസ്സോടെ ആയിരിക്കുവാനും, നമുക്ക് ചുറ്റുമുള്ള മനുഷ്യർക്ക് ഒരു ചിരി നൽകുവാൻ, അവരെ കേൾക്കുവാനായി, നല്ല ഒരു പ്രവർത്തി ചെയ്യുവാൻ സൗഹൃദം പങ്കിടുവാൻ, എല്ലാത്തിനും ഉപരിയായി ക്രിസ്തുവിന്റെ രണ്ടാം വരവിനു ഒരുങ്ങുവാൻ ജൂബിലി വർഷത്തിൽ പ്രത്യേകമായി പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. ക്രിസ്തുവിനോടൊപ്പം ഒന്നായി ചേരുവാൻ വിളിക്കപ്പെട്ടവരാണെന്ന പ്രത്യാശയിൽ സന്തോഷമുള്ളവരായിക്കുവാനും, ഈ സന്തോഷം ക്രിസ്തുവിനാൽ സ്നേഹിക്കപ്പെടുന്നതിനാലാണ് (റോമാ 8:35) എന്ന ബോധത്തോടുകൂടി മുന്നോട്ടുപോകുവാനും തെറ്റുകൾ ഏറ്റുപറഞ്ഞു കുമ്പസാരിച്ചു പരിശുദ്ധ കുർബാന ഉൾക്കൊണ്ട് ദണ്ഡവിമോചനം നേടിയവരായി ഈ ജൂബിലി ആഘോഷം നമുക്ക് ഏറ്റെടുക്കാം. പ്രത്യാശയുടെ അമ്മയായ പരിശുദ്ധ അമ്മയുടെ മാതൃത്വത്തിരുനാളിൽ മക്കളായ നമുക്കും ഹൃദയത്തിലൂടെ വാൾ കടക്കുമ്പോഴും കുരിശിന്റെ താഴെ മരണത്തിന്റെ നിഴലിൽ നിൽക്കുമ്പോഴും, അമ്മയുടെ പ്രത്യാശാനിർ'രമായ മാതൃക ജീവിതം ദിനചര്യയാക്കാം.

**ഏവർക്കും പുതുവർഷാശംസകൾ...**

**ജൂബിലിമംഗളങ്ങൾ...**

**പരിശുദ്ധ അമ്മയുടെ**
**മാതൃത്വത്തിരുന്നാളാശംസകൾ...**

■

ദൂതൻ അവ ളുടെ അടുത്തുവന്നു പറഞ്ഞു. ദൈവകൃപ നിറഞ്ഞവളേ സ്വസ്തി.
കർത്താവ് നിന്നോടുകൂടെ!
ലൂക്കാ 1:28




## ഇടയലേഖനം

# ജൂബിലി - 2025

**ദൈവത്തിന്റെയും പരിശുദ്ധ സിംഹാസനത്തിന്റെയും അനുഗ്രഹത്താൽ,** മിശിഹായിൽ നമ്മുടെ ബഹുമാനപ്പെട്ട വൈദീകർക്കും സന്യാസ സഹോദരന്മാർക്കും സഹോദരികൾക്കും നമ്മുടെ സകല ക്രിസ്തീയ വിശ്വാസികൾക്കും കർത്താവിൽ ആശീർവാദവും ആയുരാരോഗ്യവും.

വന്ദ്യ വൈദീകരെ, സന്യാസ സഹോദരന്മാരെ, സഹോദരിമാരെ, പ്രിയമക്കളെ,

'പ്രത്യാശ നിരാശരാക്കുന്നില്ല' എന്ന തിരുവെഴുത്തിലൂടെ ഫ്രാൻസിസ് പാപ്പ 2025 ജൂബിലി വർഷമായി ആഘോഷിക്കുവാൻ ആഗോള കത്തോലിക്ക സഭയോട് ആഹ്വാനം ചെയ്തിരിക്കുകയാണല്ലോ. സഭയിലെ ആത്മീയ നവീകരണത്തിനു വേണ്ടിയും പരിവർത്തനോന്മുഖമായ ആഘോഷങ്ങൾക്കു വേണ്ടിയും പ്രഖ്യാപിക്കപ്പെട്ടതാണ് ജൂബിലി 2025. ഇതിനെ വിശ്വാസവർഷം എന്നാണ് വിളിക്കുന്നത്. കാരണം, വിശുദ്ധിയുടെ ഉറവിടമായ ദൈവം നമ്മെ ഓരോരുത്തരെയും വിശുദ്ധരാക്കി പരിവർത്തനം ചെയ്യുന്ന വർഷമാണിത്. വിശ്വാസത്തിൽ ആഴപ്പെടത്തക്കവിധം അനുരഞ്ജനവും അതിലൂടെ നേടിയെടുക്കാവുന്ന ആത്മീയ നവീകരണവും വിശ്വാസികൾക്ക് ജൂബിലി ആഘോഷത്തിലൂടെ ഉണ്ടാകണമെന്ന് സഭാമാതാവ് ആഗ്രഹിക്കുന്നു.

ക്രിസ്തുമസ് നാളിനു മുന്നോടിയായി 2024 ഡിസംബർ 24-ന് റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ വിശുദ്ധകവാടം തുറന്നുകൊണ്ടാണ് ജൂബിലി ആഘോഷങ്ങൾ സമാരംഭിക്കുന്നത്. ഓരോ രൂപതയിലും 2024 ഡിസംബർ 29-ന് ഞാറാഴ്ച കത്തീഡ്രലിൽ രൂപതാദ്ധ്യക്ഷന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിച്ച് ജൂബിലി വർഷം ആഘോഷപൂർവ്വം ഉദ്ഘാടനം ചെയ്യും. ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന ജൂബിലി ആഘോഷം 2026 ജനുവരി 6-ന് പ്രത്യക്ഷീകരണ തിരുനാളിൽ വിശുദ്ധകവാടം അടയ്ക്കുന്നതോടെയാണ് സമാപിക്കുന്നത്.

ഇക്കഴിഞ്ഞ വർഷങ്ങളിൽ നാം കടന്നുപോയ മഹാമാരിയുടെയും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങളുടെയും പശ്ചാത്തലത്തിൽ മനുഷ്യകുലത്തെ മുഴുവൻ പിടികൂടിയിരിക്കുന്ന ദു:ഖം, ഭയം, ആശയകുഴപ്പം, ദിശാബോധം ഇല്ലായ്മ തുടങ്ങിയവയെ അതിജീവിക്കാൻ ഈ ജൂബിലി ആചരണം സഹായിക്കും



*അതിനാൽ, കർത്താവുതന്നെ നിനക്ക് അടയാളം തരും.യുവതി ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും.*

ഏശയ്യാ 7:14

എന്ന ബോധ്യത്തോടെയാണ് "പ്രത്യാശയുടെ തീർത്ഥാടകർ" എന്ന ആപ്തവാക്യം തെരഞ്ഞെടുത്തതെന്ന് ഫ്രാൻസിസ് പാപ്പാ പറയുന്നു. "നമ്മുക്കു ലഭിച്ച പ്രത്യാശയുടെ തീ ഉജ്ജ്വലിപ്പിച്ചുകൊണ്ട് മനുഷ്യരാശിയെ പ്രത്യാശ നിറഞ്ഞ ഭാവിയിലേയ്ക്ക് ഉറ്റുനോക്കുവാൻ ശക്തിപ്പെടുത്തുക എന്ന ദൗത്യമാണ് നമ്മിൽ നിക്ഷിപ്തമായിരിക്കുന്നത്. പ്രത്യാശയുടെ തീർത്ഥാടകരായി മാറുവാൻ സഹായകരമായ നിലപാടുകൾ നാം സ്വീകരിക്കേണ്ടതുണ്ട്. വ്യക്തിഗതമായും കുടുംബപരമായും വിശ്വാസസമൂഹമായും ആഴമേറിയ പ്രാർത്ഥനാജീവിതം, സഭയുടെ ആരാധനക്രമത്തിലെ വിശേഷിച്ച് ഞായറാഴ്ചകളിലെയും മറ്റ് വിശേഷ ദിവസങ്ങളിലെയും സജ്ജീവ പങ്കാളിത്തം, ദൈവ-മനുഷ്യ ബന്ധത്തിന്റെ ഊഷ്മളത കാത്തുസൂക്ഷിക്കുന്ന കുമ്പസാരമെന്ന കൂദാശയുടെ ആത്മാർത്ഥമായ സ്വീകരണം എന്നിവ നമ്മുടെ ആത്മീയ വളർച്ചയ്ക്ക് അനിവാര്യമാണ്.

### വെല്ലുവിളികളും പ്രതിസന്ധികളും

കാലഘട്ടത്തിന്റേതായ വെല്ലുവിളികളും പ്രതിസന്ധികളും മാനവകുലത്തെ ഞെരുക്കുന്നതായി നാം മനസ്സിലാക്കുന്നു. കോവിഡ് ഏല്പിച്ച ആഘാതം ഇനിയും ഉണങ്ങാതെ മനുഷ്യരാശിയെ വേദനിപ്പിക്കുന്നതോടൊപ്പം തീവ്രമായ കാലാവസ്ഥാവ്യതിയാനങ്ങൾ ലോകമെമ്പാടുമുള്ള മനുഷ്യജീവിതത്തെ ദു:സ്സഹമാക്കുന്നു.

അന്യായമായി റവന്യൂ അവകാശങ്ങൾ നിഷേധിക്കപ്പെട്ട മുനമ്പം നിവാസികളുടെ ഭൂപ്രശ്നം, തീരദേശ ഹൈവേ ഉയർത്തുന്ന ആശങ്കകൾ, വിദ്യാഭ്യാസ/സർക്കാർ തലങ്ങളിലെ പിന്നോക്കാവസ്ഥ, വിദ്യാർത്ഥികളിലും -യുവജനങ്ങളിലും വർദ്ധിച്ചുവരുന്ന ലഹരി -മയക്കുമരുന്ന് ഉപയോഗം, രാഷ്ട്രീയ-ഉദ്യോഗ തലങ്ങളിൽ സമുദായംഗങ്ങളുടെ പ്രാതിനിധ്യക്കുറവ് അതോടൊപ്പം തന്നെ ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്കിടയിലെ പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ ശുപാശകൾ നടപ്പിലാക്കാത്ത അവസ്ഥയും നിലനിൽക്കുന്നു. ഇപ്രകാരമുള്ള നിരവധി വെല്ലുവിളികൾക്കിടയിലും രക്ഷയുടെ വാതിലായ (Jn 10: 7-9) ക്രിസ്തുവിനെ കണ്ടുമുട്ടണമെന്ന് സഭ ആഗ്രഹിക്കുന്നു.

### വി. തോമാശ്ലീഹായുടെയും വി. ഫ്രാൻസിസ് സേവ്യറിന്റെയും ആത്മീയപാത

ജൂബിലി 2025 ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടുവാൻ നമുക്ക് വിശ്വാസ വെളിച്ചം പകർന്ന നൽകിയ കോട്ടപ്പുറം രൂപതയുടെ ആത്മീയ പാലകരായ വി. തോമാശ്ലീഹായുടെയും വി. ഫ്രാൻസിസ് സേവ്യറിന്റെയും ആത്മീയ വഴിയിൽ തീർത്ഥാടകരാകാൻ നമുക്ക് പരിശ്രമിക്കാം. ഈ രണ്ട് വിശുദ്ധരിലൂടെ ഇടവക-കുടുംബ-വ്യക്തി കേന്ദ്രീകൃത നവീകരണം വഴി 2025 ജൂബിലി വർഷത്തിൽ കോട്ടപ്പുറം രൂപത തീർത്ഥാടനം നടത്തുന്നതിനുള്ള ചില വഴികൾ ഇവയാണ്:

1) ആത്മീയതയിലൂന്നിയുള്ള വിശ്വാസ വളർച്ചയിലേക്കുള്ള തീർത്ഥാടനം.
2) പ്രത്യാശ നഷ്ടപ്പെട്ടവരിലേക്കുള്ള തീർത്ഥാടനം.
3) സഭയിൽ നിന്നും മാറി നിൽക്കുന്നവരിലേക്കുള്ള തീർത്ഥാടനം.
4) അജപാലകരുടെ നവമായ അജപാലന സമീപനത്തിലേക്കുള്ള തീർത്ഥാടനം.

### പ്രവൃത്തിതലം

ഈ ജൂബിലി ആഘോഷങ്ങളിൽ ഇടവക കേന്ദ്രീകരിച്ചുള്ള കർമ്മപരിപാടികൾക്കാണ് രൂപത ഊന്നൽ നൽകുന്നത്. പുതിയതായി അജപാലന നേതൃത്വത്തിൽ വരുന്നവർ ഒരുമിച്ച് പ്രത്യേക യോഗങ്ങൾകൂടി ഇടവകയുടെ പശ്ചാത്തലത്തിൽ കർമ്മപരിപാടികൾക്ക് രൂപം നൽകേണ്ടതും കാര്യക്ഷമമായി നടപ്പി

ലാക്കേണ്ടതുമാണ്. ഓരോ ഇടവകയും നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം ഇടവകാംഗങ്ങളിൽ സൃഷ്ടിക്കുകയും അവ പരിഹരിക്കുവാനുള്ള കൂട്ടായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

ഡിസംബർ 29 ഞായറാഴ്ച വൈകീട്ട് 4-ന് സെന്റ് മൈക്കിൾസ് കത്തീഡ്രലിന് അടുത്തുള്ള മാർക്കറ്റിലെ സെന്റ് തോമസ് കപ്പേളയിൽ നിന്നും ആരംഭിക്കുന്ന പ്രയാണത്തോടെ നമ്മുടെ രൂപതയിൽ പ്രത്യാശയോടുകൂടി 2025 ജൂബിലി വർഷ ആഘോഷത്തിന് ആരംഭം കുറിക്കുകയാണ്. രൂപത മക്കൾ ഒന്നുചേർന്ന് ജൂബിലി കുരിശ് വഹിച്ച് പ്രദക്ഷിണമായി ഭദ്രാസന ദൈവാലയത്തിന്റെ പ്രധാന വാതിലിലൂടെ ദൈവാലയത്തിലേയ്ക്ക് പ്രവേശിക്കുന്നു. ഈ ജൂബിലി കുരിശ് എല്ലാ ഇടവകകളിലും ജൂബിലി വർഷത്തിൽ പ്രയാണം നടത്തുന്നതാണ്. രൂപതയിലെ എല്ലാ ഇടവകയിൽ നിന്നും ഇടവക വികാരിയുടെ നേതൃത്വത്തിൽ സാധിക്കുന്ന എല്ലാവരും ജൂബിലി ഉദ്ഘാടന ആഘോഷത്തിൽ എത്തിച്ചേരേണ്ടതാണ്. രൂപതയിലെ സന്യസ്തർ, അത്മായ സഹോദരങ്ങൾ, സംഘടന ഭാരവാഹികൾ, മതബോധന അദ്ധ്യാപകർ, ഇടവക യൂണിറ്റ് ഭാരവാഹികൾ തുടങ്ങിയ എല്ലാവരും ഈ തിരുകർമ്മത്തിൽ പങ്കെടുക്കേണ്ടതാണ്. ഫ്രാൻസിസ് പാപ്പ പറയുന്നതുപോലെ "ജ്വലിക്കുന്ന ഹൃദയവും ചലിക്കുന്ന പാദവും" ഈ ജൂബിലി ആഘോഷത്തിൽ നിറഞ്ഞു നിൽക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ ജൂബിലി ആഘോഷം നമ്മുടെ രൂപതയിലും ഇടവകയിലും പ്രത്യാശയുടെ ഹൃദയങ്ങൾ തുറക്കട്ടെ. പരിശുദ്ധ അമ്മയെപ്പോലെ 'പ്രത്യാശയുടെ നിറകുട'മാകുവാൻ നമുക്ക് അമ്മയുടെ മാദ്ധ്യസ്ഥ്യം യാചിക്കാം.

എന്ന്,

നമ്മുടെ രൂപത കാര്യാലയത്തിൽ നിന്നും
2024 ഡിസംബർ 16-ാം തീയതി

**† അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപത മെത്രാൻ

Published by Fr. Shabu Kunnathoor, Chancellor

## അഭിനന്ദനങ്ങൾ...



Caucasus International University (CIU) യിൽ നിന്നും MBBS പഠനം പൂർത്തിയാക്കിയ മാനാഞ്ചേരിക്കുന്ന് സെന്റ് പോൾ ഇടവകാംഗമായ **ഡോ. ജിസ്ന ജോയ് പുതിയവീട്ടിലിന്** കോട്ടപ്പുറം രൂപത കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ...





തമിഴ്നാട് കാർഷിക സർവ്വകലാശാലയിൽ നിന്ന് (TNAU) Msc Foresrty in Forest Biology and Tree Improvement ൽ യൂണിവേഴ്സിറ്റി ടോപ്പർ ആയ **അകീല കാർമ്മൽ പി.ടി.യ്ക്കും**, പഞ്ചാബ് സി.ടി യൂണിവേഴ്സിറ്റിയിൽ BSc കാറ്ററിഗ് ടെക്നോളോജിയിൽ (BHMCT) യൂണിവേഴ്സിറ്റി ടോപ്പർ ആയ **അകിൻ ടി.ജോർജിനും** കോട്ടപ്പുറം രൂപത കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ... ഇരുവരും കീഴൂപ്പാടം സത്ബുദ്ധി മാതാ ഇടവകാംഗങ്ങളാണ്.



*ഇതാ, നിന്നെ ഞാൻ എന്റെ ഉള്ളംകൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു.*
ഏശയ്യാ 49:16



# അന്തിനേരത്തെ ക്രിസ്തുവിചാരങ്ങൾ



**ഫാ. ഷിന്റോ മറയൂർ**

**ജീ**വിക്കാൻ പഠിപ്പിക്കുന്ന ഒരു പ്രാർഥന യെന്നാണ് ജപമാലയെക്കുറിച്ചു പറയാൻ തോന്നുന്നത്. മരണം, സഹനം, ദൈവേച്ഛ എന്നിങ്ങനെ ജീവിതത്തിന്റെ ദാർശനിക പ്രശ്നങ്ങളെ മറ്റൊരു തരത്തിൽ നോക്കാനും ചില പ്രതിസന്ധി നേരങ്ങളെ കടന്നുപോകാനും സഹായിക്കുന്നു എന്നതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. അത്തരത്തിലൊരു നിരീക്ഷണത്തിലേക്ക് എത്തിപ്പെടാനുള്ള കാരണമിതാണ്:

1. ജപമാല മരണഭീതിക്കുള്ള ഒരു ചികിത്സാ സമ്പ്രദായമാണ്. ഞാനും മരിക്കുമെന്നൊരു ഓർമ്മയുണ്ടെങ്കിൽ നമുക്ക് ഇങ്ങനെയങ്ങു ജീവിച്ചു പോകാനാവില്ല. ഒരു മരണവീട്ടിൽ നില്ക്കുമ്പോൾപോലും എനിക്കും മരണമുണ്ട് എന്നു നാം ചിന്തിക്കാറില്ല. അത്തരമൊരു ചിന്തയെ കണ്ടില്ലെന്നുവച്ചുകൊണ്ടാണ് നാം മരണത്തെക്കുറിച്ച് പറയുന്നതും കേൾക്കുന്നതുമൊക്കെ. കാരണം വളരെ ലളിതമാണ്, മരിക്കാൻ നമുക്ക് പേടിയാണ്. പക്ഷേ, അർഥമറിഞ്ഞു ജപമാല ചൊല്ലുന്ന ഒരാൾ താൻ പോലുമറിയാതെ മരണത്തിനുവേണ്ടി ഒരുങ്ങിത്തുടങ്ങും എന്നതാണു വാസ്തവം. കാരണം, നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർഥന ഓരോ തവണ ഉരുവിടുമ്പോഴും 'എപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോടപേക്ഷിക്കണമേ' എന്നുകൂടി നാം പ്രാർഥിക്കുന്നുണ്ട്. അങ്ങനെ എനിക്കും മരണമുണ്ടെന്ന് അംഗീകരിക്കാനും ഒരു നല്ല മരണത്തിനുവേണ്ടി ഒരുങ്ങാനുമുള്ള പ്രേരണ വളരെ സ്വാഭാവികമായി ജപമാല നമ്മിൽ ഉണർത്തുന്നുണ്ട്. അങ്ങനെ സന്ധ്യാനേരത്തെ മരണ ധ്യാനമായി കൊന്ത ചൊല്ലൽ പരിണമിക്കുന്നുണ്ട്.

2. ജപമാല ജീവിതത്തിന്റെ സഹനവഴിയിലെ ബലപ്പെടുത്തലാണ്. രക്തസാക്ഷി പീഠത്തിലേക്കു നടന്നു പോകുന്ന രണ്ടുപേരുടെ നിഴൽ ജപമാലയിലെ രഹസ്യങ്ങളിൽ പതിഞ്ഞു കിടക്കുന്നുണ്ട്. രക്തസാക്ഷിത്വം ക്രിസ്തുവിൽ ശാരീരികമാണ്. എന്നാൽ, മറിയത്തിൽ അത് സംഭവിക്കുന്നത് മാനസിക തലത്തിലാണ്. ഒരാൾ ഉടലിൽ ആണിപ്പഴുതുകളുടെ മുറിവേറ്റുവാങ്ങുന്നു. മറ്റൊരാൾ മൂകസാക്ഷിയായി സർവവും ഉള്ളിലടക്കുന്നതിന്റെ പീഡയനുഭവിക്കുന്നു. ഇരുവരുടെയും സഹനവഴികൾ സമമല്ലെങ്കിലും സന്തോഷത്തിന്റെ രഹസ്യം മുതൽ ക്രിസ്തുവും മറിയവും ഒരു കാൽവരി യാത്ര ആരംഭിക്കുകയും അദൃശ്യമായ ഒരു കുരിശ് ചുമന്നു തുടങ്ങുകയും ചെയ്യുന്നുണ്ട്. പരസ്യജീവിതമാരംഭിച്ചപ്പോൾ ക്രിസ്തുവിനു മുന്നിൽ കുരിശുവഴി തെളിഞ്ഞു തുടങ്ങി; മറിയം ഒരു വൻമുറിവ് നെഞ്ചിൽ പേറി. ക്രിസ്തുവിന്റെ പീഡകളുടെ വഴികളോടൊപ്പം മറിയത്തിന്റെ വ്യാകുലങ്ങളുടെ കാരണവും ജപമാല

അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു.
ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും.
ലൂക്കാ 1:48

രഹസ്യങ്ങളിൽ നാം ആവർത്തിച്ചു കേൾക്കുന്നുണ്ട്. അതിതീവ്രമായ വേദനയിലൂടെ കടന്നുപോകുന്ന രണ്ടുപേരെ ഇവിടെ കാണാം. ദിവസവും ധ്യാനപൂർവം ജപമാല ചൊല്ലുന്ന ഒരുവന് വേദനകളിൽ ആശ്വസിക്കാനുള്ള പഴുതാണ് ഈ സഹന രംഗങ്ങൾ. കാലുകളില്ലാത്തവനെ കണ്ടപ്പോൾ ചെരുപ്പില്ലാത്തതിന്റെ സങ്കടം മാറുന്നതു പോലെ, താരതമ്യപ്പെടുത്തലിൽ നിന്നുരുത്തിരിയുന്ന ആശ്വാസമാണത്. നോവുകൾ എനിക്കു മാത്രമുള്ളതല്ല എന്നറിയുമ്പോൾ, അതിനെക്കാളും കൂടിയ വേദനകളെ അതിജീവിക്കാൻ കഴിഞ്ഞവരുണ്ട് എന്ന് ഓർമിക്കുമ്പോൾ ജീവിതത്തിന്റെ സങ്കടങ്ങളെ കുറച്ചുകൂടി സമചിത്തതയോടെ നോക്കിക്കാണാൻ സാധിച്ചേക്കാം.

3. പരാതിയില്ലാതെ ജീവിക്കാൻ ജപമാല സഹായിക്കുന്നു. ജപമാലയ്ക്ക് 'അൻപത്തിമൂന്നുമണി ജപം' എന്നു പേരുവരാനുള്ള കാരണം 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർഥന 53 വട്ടം ചൊല്ലുന്നു എന്നതുകൊണ്ടാണല്ലോ. എന്തിനായിരിക്കും, അതിനുമുൻപ് ഒരു ആമുഖം പോലെ 'സ്വർഗസ്ഥനായ പിതാവേ' ചൊല്ലുന്നത്? അതിനു ചരിത്രപരമായ കാരണമുള്ളപ്പോൾത്തന്നെ ആത്മീയമായ കാരണവുമുണ്ട് എന്നു പറയാം. കർത്തൃപ്രാർഥനയിലെ മൂന്നാമത്തെ വാചകം 'അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ' എന്നാണ്. പ്രാർഥന ചൊല്ലുമ്പോൾ യാഥാർഥത്തിൽ അർഥമൊന്നും നാം ശ്രദ്ധിക്കാറില്ലെങ്കിലും അത് ഉരുവിടുമ്പോൾ ദൈവഹിതം പോലെ സംഭവിക്കട്ടെ എന്നുനാം ഉറക്കെപ്പറയുകയാണു ചെയ്യുന്നത്. 'പിതാവേ, എന്റെ ഹിതമല്ല നിന്റെ ഹിതം നിറവേറട്ടെ!' എന്ന് മനശ്ചാഞ്ചല്യമില്ലാതെ പ്രാർഥിക്കാൻ ക്രിസ്തുവിനു കഴിയും. 'ഇതാ കർത്താവിന്റെ ദാസി' എന്ന് മറിയവും പറഞ്ഞിട്ടുണ്ട്. പക്ഷേ, നമുക്കോ? കാരണം, പ്രാർഥനകളിൽ നമ്മുടെ ഹിതങ്ങളെക്കുറിച്ചാണല്ലോ നാം പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്നാൽ നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർഥനയിൽ 'കൃപ നിറഞ്ഞ മറിയമേ' എന്ന മാലാഖയുടെ അഭിവാദനം മാത്രമല്ല മറിയത്തിന്റെ പ്രതിവചനവും ഉള്ളടങ്ങിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഓരോ തവണ ആ പ്രാർഥന ചൊല്ലുമ്പോഴും മറിയം പറഞ്ഞ മറുപടി കൂടി നാം കേൾക്കുന്നുണ്ട്. അങ്ങനെ, ഈ ഭൂമിയിൽ ജനിച്ച മറിയമെന്ന ഒരു പെൺകുട്ടിക്ക് ദൈവഹിതത്തിനു ആമേൻ പറയാമെങ്കിൽ, അല്പം കരുത്തും കൃപയുമുണ്ടെങ്കിൽ എനിക്കും പറയാം എന്നൊരാശ്വാസം 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർഥന തരുന്നുണ്ട്. അതുകൊണ്ടാവും കർതൃപ്രാർഥനയ്ക്കുശേഷം ഈ പ്രാർഥന പത്തു തവണ ആവർത്തിക്കുന്നത്. ദൈവഹിതത്തോട്, 'അങ്ങേ ഇഷ്ടം സംഭവിക്കട്ടെ' എന്നു പറയാനുള്ള കരുത്ത് നേടിയെടുക്കാനായി ഓരോ ദിവസവും മറിയത്തോടൊപ്പം നാം നടത്തുന്ന പരിശീലനം കൂടിയാണ് നന്മ നിറഞ്ഞ മറിയമേ എന്ന പ്രാർഥനയെന്നു പറയാം.

കുഞ്ഞുനാളിൽ അന്തിക്ക് പാതിമയക്കത്തോടെ ചൊല്ലിത്തീർത്ത ജപമാലയ്ക്കിടെ ഓരോ രഹസ്യവും വായിച്ചുകേട്ടപ്പോൾ ക്രിസ്തുവിന്റെ വ്യത്യസ്തങ്ങളായ മുഖവും ഭാവവും മനസ്സിൽ പതിഞ്ഞിട്ടുണ്ട്. ഓരോ ജപമാലരഹസ്യത്തിലും പകർത്തിവച്ചിരിക്കുന്ന ക്രിസ്തുചിത്രങ്ങൾ എത്ര മിഴിവാർന്നതാണ്. കൊന്ത ചൊല്ലിയ സന്ധ്യകളാണ് മനോഹരമായ ആ യേശു ചിത്രങ്ങൾ എനിക്കു സമ്മാനിച്ചത്. അതുകഴിഞ്ഞ് എത്രയോ കൊല്ലങ്ങൾക്കുശേഷമാണ് ബൈബിളെടുത്തു വായിക്കാനൊക്കെ തോന്നിയത്. അതുവരെ നടത്തിയിരുന്ന ബൈബിൾ വായന ജപമാല ചൊല്ലലായിരുന്നു. അതുകൊണ്ട്, ജപമാല സുവിശേഷധ്യാനത്തിനുള്ള ക്ഷണമാണ് എന്നു പറയാം. അല്ല, അത് അന്തികളിൽ നാം നടത്തുന്ന ക്രിസ്തു വിചാരങ്ങളാണ് !

■



ഇവർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർഥനയിൽ മുഴുകിയിരുന്നു.

അപ്പ 1:14

ചരിത്രക്കണ്ണി : ഭാഗം 1

# സെന്റ് തോമസ് ക്രിസ്ത്യാനികളെ സത്യവിശ്വാസത്തിലേക്കും റോമാ സഭയിലേക്കും നയിച്ച ചെങ്കോലും രാജ്യപത്രികയും



**പീറ്റർ കുരിശിങ്കൽ**

**കേ**രളത്തിൽ ഒരു ക്രിസ്തീയ രാജവംശമോ? ഉണ്ടായിരുന്നു എന്നാണ് ഉത്തരം. പ്രായമായവരായ ചരിത്രാന്വേഷികൾ പറയുമ്പോൾ പുതിയ തലമുറ മൂക്കത്ത് വിരൽ വച്ച് മിഴിച്ചു നോക്കും; ങേ...കൊള്ളാമല്ലോ. എന്നിട്ടും അവരുടെ മുഖത്ത് അവിശ്വസനീയതയുടെ ഭാവം തന്നെ. എന്നാൽ ഈ സംശയങ്ങൾ തീർക്കുവാൻ വേണ്ട രേഖകൾ ഇന്നും തെളിവുകളായി കേരള ചരിത്രാന്വേഷികൾ രേഖപ്പെടുത്തിയിട്ടുണ്ട്. വില്ലാർവട്ടം, അതായിരുന്നു ആ ക്രിസ്തീയ രാജവംശത്തിന്റെ പേര്. കേരളചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞിരുന്ന വില്ലാർവട്ടം സംബന്ധിച്ച ചില രേഖകൾ താഴെ ഉദ്ധരിക്കാമെന്നു കരുതുകയാണ്.

കൊച്ചി രാജ്യ ചരിത്രകാരൻ കെ.പി പത്മനാഭ മേനോൻ രേഖപ്പെടുത്തിയിരിക്കുന്നതു തന്നെയാകട്ടെ ആദ്യം. "വാസ്കോ ഡി ഗാമ" കൊച്ചിയിലായിരിക്കും കാലത്ത് കൊടുങ്ങല്ലൂരിൽ നിന്നും ചില നസ്രാണികൾ കാഴ്ചകളുമായി വന്ന് അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു, "ഞങ്ങൾ എല്ലാവരും നിങ്ങളുടെ വരവ് കണ്ട് സന്തോഷിച്ചിരിക്കുന്നു. പണ്ട് ഈ രാജ്യത്ത് ഞങ്ങളുടെ വംശത്തിൽ ഒരു തമ്പുരാനുണ്ടായിരുന്നു. അദ്ദേഹത്തിന് പുരാണ പെരുമാക്കന്മാർ കൊടുത്ത ചെങ്കോലും രാജ്യപത്രികയും ഇതാ നിങ്ങൾക്ക് തരുന്നു. മുപ്പതിനായിരം പേരോളം ഞങ്ങൾ ഒത്തിരിക്കുന്നു. ഇനി പോർട്ടുഗീസ് രാജാവിന് ഞങ്ങളിൽ മേൽക്കോയ്മ ഉണ്ടായിരിക്കും." ഇങ്ങനെ പറഞ്ഞ് ആ ആധാരവും ദണ്ഡും കൊടുത്തു. അതു ചുവന്നതും രണ്ട് വെള്ളി വളകളും, ഒരു വെള്ളി വളയിൽ മൂന്ന് വെള്ളി മണികളും ഉള്ളതും ആകുന്നു. നിങ്ങളെ സകല ശത്രുക്കളുടെ കയ്യിൽ നിന്നും അതിക്രമങ്ങളിൽ നിന്നും ഉദ്ധരിക്കേണ്ടതിന് ദൈവം മേലാൽ സംഗതി വരുത്തും. നിങ്ങൾ അല്പവും ഭയപ്പെടരുത് എന്ന് മറുപടി പറഞ്ഞ് അവർ കൊണ്ടുവന്നിരുന്ന സമ്മാനങ്ങളെ ആദരപൂർവ്വം സ്വീകരിച്ച് അവരെ അഭിനന്ദിച്ചു" (കൊച്ചി രാജ്യചരിത്രം ഒന്നാം ഭാഗം പുറം 140).

ഈ വിവരണം കേരളപഴമയിൽ നിന്നാണ് പത്മനാഭ മേനോൻ ഉദ്ധരിക്കുന്നത്. ചരിത്രകാരനായ എം.ഒ. ജോസഫ് നെടുങ്കുന്നം, കെ.എൽ. ബെർണാർഡ് മാസ്റ്റർ, മോൺ. ജോർജ്ജ് വെളിപ്പറമ്പിൽ, ഡോ. ജോൺ ഓച്ചന്തുരുത്ത്, എൻ.ജെ ജോസഫ്, കാർഡിനൽ ടിസറന്റ് തുടങ്ങി നിരവധി ചരിത്രകാരന്മാർ ഈ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. 1502 നവംബർ 19 നാണ് ഈ സംഭവം നടന്നത് എന്നുകൂടി കെ.എൽ ബർണാർഡ് മാസ്റ്റർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ചെങ്കോൽ; ഈ രാജ്യപത്രിക ഏതാണ്. കൊടുങ്ങല്ലൂരിൽ നിന്നു എത്തിയ സെന്റ് തോമസ് ക്രിസ്ത്യാനികൾ വാസ്കോ ഡി ഗാമയ്ക്ക് നൽകിയതാണെന്ന് നാം കണ്ടുകഴിഞ്ഞു. ഈ ചിന്തയും അന്വേഷണവും നമുക്ക് വെളിപ്പെടുത്തിത്തരുന്നത് കേരളത്തിലെ ഒരു ക്രിസ്തീയ രാജവംശം - ഒരു ക്രിസ്ത്യൻ സ്വരൂപം - ഭരണം നടത്തിയിരുന്നു എന്ന വസ്തുതയാണ്.

കേവലമൊരു നാട്ടുരാജ്യമെന്നു കരുതാവുന്ന നിലയിൽ ചെറുതായിരുന്നില്ല ഈ ഭരണം. യൂറോപ്യൻ നാടുകളിലും ഈ ക്രിസ്തീയ രാജവംശം പ്രശസ്തമായിരുന്നു എന്നതിന് വത്തിക്കാൻ പുരാവസ്തു ശേഖരണത്തിൽ സൂക്ഷിച്ചിരിക്കുന്ന കത്തുകൾ തെളിവായുണ്ട്. അവയിലൊന്ന് 1328 ൽ ഏപ്രിൽ മാസം 8 ൽ അയച്ചതാണ്. അതിൽ നസ്രാണികളുടെ നാഥനായ മഹനീയ പുരുഷൻ എന്നാണ് രാജാവിനെ അഭിസംബോധന ചെയ്തിരിക്കുന്നത്. ജോൺ ഇരുപത്തി രണ്ടാമൻ പാപ്പയാണ് ഈ കത്ത് അയച്ചത്. കൊല്ലത്ത് മെത്രാനായി നിയമിതനായ ജോർഡാനൂസ് കത്തലാനി എന്ന വൈദികനുവേണ്ട പിന്തുണയും സഹായവും ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് ഈ കത്ത്. 1439 ൽ ആഗസ്റ്റ് 29-ാം തിയ്യതി യൂജിൻ പാപ്പ അയച്ചതാണ് മറ്റൊരു കത്ത്. ആ കത്ത് തുടങ്ങുന്നതുതന്നെ "To my most beloved son in Christ, Thomas the illustrious Emperor of Indians" എന്നാണ്. കേരളത്തിലെ ക്രിസ്തീയ രാജവംശത്തിന്റെ പ്രൗഢിയും പ്രശസ്തിയും എന്തെന്നു മനസ്സിലാക്കുന്നതിന് ഈ കത്തുകൾ സഹായിക്കും.

വില്ലാർവട്ടം ക്രിസ്തീയ രാജവംശം നിലനിന്നിരുന്നതിന് അനേകം തെളിവുകൾ ഇനിയും പ്രസ്താവയോഗ്യമായുണ്ട്. രാജ്യത്തെ രാഷ്ട്രീയവും മതപരവുമായ സ്ഥിതിയെക്കുറിച്ച് ജോർഡാൻ കത്തലാനി മെത്രാൻ റോമൻ കൂരിയക്ക് വിവരം നൽകിയിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനം കൂടുതൽ വിജയകരമായി തീരുന്നതിന് പോപ്പ് ജോൺ ഇരുപത്തിരണ്ടാമൻ അദ്ദേഹത്തെ പരിചയപ്പെടുത്തുന്ന കത്തുകൾ അയക്കുകയുണ്ടായിട്ടുണ്ട്. ഒന്ന്, ഇന്ത്യൻ കത്തോലിക്കർക്കായിരുന്നു. അവസാനത്തെ കത്ത് കൊല്ലത്തെ നസ്രാണി കത്തോലിക്കർക്കുമായിരുന്നു."

കർദ്ദിനാൾ ടിസറന്റ് 'ഇന്ത്യയിലെ പൗരസ്ത്യ ക്രിസ്ത്യാനികളുടെ കഥ' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത് നേരത്തെ സൂചിപ്പിച്ച കത്തുകളെക്കുറിച്ചു കൂടിയായിരിക്കണം. 'അടിവേരുകൾ' എന്ന ഗ്രന്ഥത്തിൽ ജോൺ ഓച്ചന്തുരുത്തും ഈ കത്തുകളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. 'കേരളസഭാചരിത്രം' എന്ന ഗ്രന്ഥത്തിൽ മോൺ. ജോർജ്ജ് വെളിപ്പറമ്പിലും വില്ലാർവട്ടം രാജവംശം നിലനിന്നിരുന്നതിന് തെളിവായി ഈ കത്തുകളെ പരാമർശിക്കുന്നുണ്ട്.

മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള വില്ലോർവട്ടം എന്നതിന് വല്ലാർവട്ടം എന്നൊരു പാഠഭേദം കല്പിച്ച് പ്രശസ്തമായ ഒരു നാടകം രചിച്ചിട്ടുണ്ട്. 1894 ൽ രചിച്ച ഈ നാടകത്തിന്റെ ആമുഖത്തിൽ മഹാകവി രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്. "കേരളത്തിലെ ഒരു പ്രാചീന ക്രൈസ്തവ രാജവംശമാണ് വില്ലോർവട്ടം. 15-ാം നൂറ്റാണ്ടിന്റെ അവസാനം വരെ ഈ രാജവംശം നിലനിന്നിരുന്നതായി കാണുന്നു. കൊടുങ്ങല്ലൂരിനു സമീപമുള്ള ചേന്ദമംഗലമായിരുന്നു ഈ രാജവംശത്തിന്റെ ആസ്ഥാനം."

കൊച്ചിൻ സ്റ്റേജ് മാനുവലിൽ സി. അച്യുതമേനോൻ കൊച്ചി രാജാവിന്റെ സാമന്തനും ക്രിസ്ത്യാനിയുമായ വില്ലാർവട്ടം രാജാവിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുള്ളതായി ഡോ. ജോൺ ഓച്ചന്തുരുത്ത് അടിവേരുകൾ എന്ന ഗ്രന്ഥത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

കേരള ക്രിസ്ത്യാനികളുടെ മേൽ നിയന്ത്രണാധികാരവും കേരള ക്രൈസ്തവ രാജാവെന്നുള്ള അവസ്ഥയും വില്ലാർവട്ടം രാജ



അവന്റെ അമ്മ പരിചാരകരോടു പറഞ്ഞു: അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ.
യോഹ 2:5

കുടുംബത്തിൽ നിക്ഷിപ്തമായിട്ടുള്ളതാകുന്നു. 15-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടം വരെ പ്രസ്തുത രാജവംശം അധികാരങ്ങൾ നടത്തിയും കൃത്യമായി നിർവ്വഹിച്ചുംപോന്നു എന്ന് 'മഹാകേരള ചരിത്രം' എന്ന ഗ്രന്ഥത്തിൽ കുറുപ്പംവീട്ടിൽ കെ. ഗോപാലപിള്ള രേഖപ്പെടുത്തിയിരിക്കുന്നു.

ഇതു സംബന്ധിച്ച് മെനെസിസ് മെത്രാപ്പോലിത്തായും കൊച്ചി രാജാവുമായി നടത്തിയ സംഭാഷണവും പ്രസക്തമാണ്. "ഈ ക്രിസ്ത്യാനികളുടെ രാജാവായിരുന്ന ഉദയംപേരൂർ രാജാവിന്റെ സ്ഥാനം അവിടേയ്ക്ക് ഒതുങ്ങി അവകാശിയായി വന്നതോടുകൂടി മുൻ രാജാക്കന്മാർ രക്ഷിച്ചിരുന്നതുപോലെ അവരെ രക്ഷിക്കേണ്ട ബാധ്യത തിരുമനസ്സിലേക്ക് ഉണ്ടായിരിക്കുന്നു." അന്യംനിന്നുപോവുകയാൽ ക്രിസ്തീയ വില്ലാർവട്ടം രാജാധികാരങ്ങളും മറ്റ് അവകാശങ്ങളും കൊച്ചി രാജവംശത്തിലേക്കു ലയിച്ചതു സംബന്ധിച്ചാണ് മെനേസിസ് മെത്രാപ്പോലിത്ത സംസാരിച്ചത് എന്നു വ്യക്തം.

1911 ലെ കൊച്ചി സെൻസസ് റിപ്പോർട്ടിൽ മിസ്റ്റർ ശങ്കരമേനോൻ രേഖപ്പെടുത്തിയിരിക്കുന്നു, "ഒമ്പതും പതിന്നാലും നൂറ്റാണ്ടുകൾക്കു മുമ്പേ ക്രിസ്ത്യാനികളുടെ മഹിമയും ഐശ്വര്യവും ഉന്നതസ്ഥാനത്തിലെത്തി. ഉദയംപേരൂരിൽ വില്ലാർവട്ടം എന്ന സ്ഥാനപ്പേരോടു കൂടി അവർക്കൊരു സ്വജാതി രാജാവുണ്ടായിരുന്നു. ക്രിസ്തീയ രാജാവിന് അനേകം അധികാരങ്ങൾ ഉണ്ടായിരുന്ന കൂട്ടത്തിൽ തന്റെ മേലധികാരത്തെ യഥാർത്ഥത്തിൽ സ്വീകരിച്ചിരുന്ന ക്രൈസ്തവ സമുദായത്തിൽ നടക്കുന്ന കുറ്റങ്ങൾക്ക് ശിക്ഷ നൽകാനുള്ള അധികാരവും കൂടിയുണ്ടായിരുന്നു."

വില്ലാർവട്ടം ക്രിസ്തീയ രാജവംശം നിലനിന്നിരുന്നതായി നാം കണ്ടുകഴിഞ്ഞു. വില്ലാർവട്ടം രാജവംശത്തിന്റെ ആസ്ഥാനം ചേന്ദമംഗലത്തായിരുന്നു. പിന്നീട് ആസ്ഥാനം ഉദയംപേരൂർ എന്നിടത്തേക്ക് മാറ്റിയെന്നും രേഖകളിൽ കാണുന്നു. ചേന്ദമംഗലത്ത് എവിടെയായിരുന്നു? അതു സംബന്ധിച്ച് ചരിത്രരേഖകൾ പരിശോധിക്കുമ്പോൾ കാണുന്നതിങ്ങനെയാണ്, "കൊടുങ്ങല്ലൂർ തുറമുഖത്തു നിന്ന് ഏകദേശം ആറുനാഴിക തെക്കുകിഴക്കായി പെരിയാറിന്റെ തെക്കേ തീരത്തുള്ള കുന്നിന്മേലായിരുന്നു വില്ലാർവട്ടം കൊട്ടാരം സ്ഥിതി ചെയ്തിരുന്നത്. അതിനു ചുറ്റുമായി ഒരു മതിൽക്കെട്ടും, അതിനു ചുറ്റുമായി നദിയിൽ നിന്നും തിരിച്ചു വിട്ടിട്ടുള്ള ഒരു കിടങ്ങും ഉണ്ടായിരുന്നു." ചേരമാൻ മങ്കും എന്ന പുസ്തകത്തെ ആധാരമാക്കി എം.ഒ. ജോസഫ് ഇങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ പിന്നീട് ഉദയംപേരൂരിലേക്ക് വില്ലാർവട്ടം സ്വരൂപത്തിന്റെ ആസ്ഥാനം മാറ്റിയതായി കാണുന്നു. അതു സംബന്ധിച്ച് എൻ. ജെ. ജോസഫ് രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്. "കൊച്ചിയും കോഴിക്കോടും തമ്മിൽ കൊടുങ്ങല്ലൂർ പ്രദേശത്തിന്റെ ആധിപത്യത്തിനുവേണ്ടി ഇടയ്ക്കിടെ സംഘട്ടനങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നതുകൊണ്ടും, കൊടുങ്ങല്ലൂരിലെ യഹൂദ ക്രൈസ്തവ നിവാസ കേന്ദ്രങ്ങളെ മുസൽമാന്മാർ പലപ്പോഴും ആക്രമിച്ചിരുന്നതുകൊണ്ടും ഒമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തോടുകൂടി വില്ലാർവട്ടം രാജവംശത്തിന്റെ ആസ്ഥാനം ഉദയംപേരൂർ എന്ന സ്ഥലത്തേക്കു മാറ്റേണ്ടതായി വന്നു."

വില്ലാർവട്ടം ക്രിസ്തീയ രാജവംശം നിലനിന്നിരുന്നതായുള്ള തെളിവുകൾ- പ്രമുഖ ചരിത്രകാരന്മാരുടെ വെളിപ്പെടുത്തലുകളിലൂടെ- നിരത്തുകയായിരുന്നു മേൽ ഭാഗങ്ങളിൽ.

(തുടരും...)



# മാമ്മോദീസ എന്ന കൂദാശ



**ഫാ. സിജോ വേലിക്കകത്തോട്ട്**
മതബോധന ഡയറക്ടർ

സഭയുടെ ആരാധനാ ജീവിതം മുഴുവനും കുർബാന, കൂദാശകൾ എന്നിവയ്ക്കു ചുറ്റുമാണ് ഭ്രമണം ചെയ്യുന്നത്. ഏഴു കൂദാശകളാണ് സഭയിലുള്ളത്. വിശുദ്ധ ലിഖിതങ്ങളുടെ പ്രബോധനത്തോടും അപ്പസ്തോലിക പാരമ്പര്യങ്ങളോടും സഭാപിതാക്കന്മാരുടെ പൊതുസമ്മതത്തോടും ചേർന്നു നിന്നുകൊണ്ട് പുതിയ നിയമത്തിലെ കൂദാശകളെല്ലാം നമ്മുടെ കർത്താവായ യേശുക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ടവയാണെന്ന് നാം ഏറ്റുപറയുന്നു (CCC 1114). എന്നെന്നും ജീവിക്കുന്നതും ജീവൻ നൽകുന്നതുമായ ക്രിസ്തുവിന്റെ ശരീരത്തിൽ നിന്ന് 'പ്രവഹിക്കുന്ന ശക്തികൾ' ആണ് കൂദാശകൾ. സഭയാകുന്ന അവിടുത്തെ ശരീരത്തിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തികളാണവ. ഏഴ് കൂദാശകളിൽ ഒന്നാമത്തേതായ 'മാമ്മോദീസ' എന്ന കൂദാശയെക്കുറിച്ച് സഭയുടെ പ്രബോധനം എന്താണെന്ന് നമുക്കു പരിശോധിക്കാം.

"വിശുദ്ധ മാമ്മോദീസ ക്രൈസ്തവ ജീവിതത്തിന്റെ മുഴുവനും അടിസ്ഥാനമാണ്. ആത്മീയ ജീവനിലേക്കു പ്രവേശിക്കാനുള്ള കവാടവും മറ്റു കൂദാശകളെ സമീപിക്കാനുള്ള വാതിലുമാണ്. മാമ്മോദീസയിലൂടെ നാം പാപവിമുക്തരാവുകയും ദൈവമക്കളായി വീണ്ടും ജനിക്കുകയും ക്രിസ്തുവിന്റെ അവയവങ്ങളായിത്തീരുകയും സഭയുടെ ശരീരത്തിലേക്കു ചേർക്കപ്പെടുകയും അവളുടെ ദൗത്യങ്ങളിൽ പങ്കുകാരാക്കപ്പെടുകയും ചെയ്യുന്നു" (CCC 1213). ഈ കൂദാശയെ അതിന്റെ നിർവ്വഹണത്തിലെ പ്രധാന അനുഷ്ഠാനമനുസരിച്ചു 'ജ്ഞാനസ്നാനം' എന്നു വിളിക്കുന്നു. 'സ്നാനപ്പെടുക' എന്നതിനു 'മുക്കുക' അഥവാ 'താഴ്ത്തുക' എന്നാണർത്ഥം. വെള്ളത്തിലേക്കുള്ള മുക്കൽ ക്രിസ്തുവിന്റെ മരണത്തിലേക്കുള്ള സ്നാനാർത്ഥിയുടെ കബറടക്കമാണ് സൂചിപ്പിക്കുന്നത്. അവിടെ നിന്ന് ആ വ്യക്തി ക്രിസ്തുവിനോടൊപ്പം പുതിയ സൃഷ്ടിയായി ഉയിർത്തെഴുന്നേൽക്കും (CCC 1214).

എന്താണ് ജ്ഞാനസ്നാനമെന്ന കൂദാശയിലൂടെ സംഭവിക്കുന്നതെന്ന് ബെനഡിക്ട് പതിനാറാമൻ പാപ്പ പഠിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വാക്കുകളിൽ ജീവിതത്തിലോ മരണത്തിലോ ഒരിക്കലും ഉപേക്ഷിക്കാത്ത സുഹൃത്തുക്കളുടെ സമൂഹത്തിലേക്ക് മാമ്മോദീസ വഴിയായി ശിശു പ്രവേശിക്കപ്പെടുന്നു. ഇപ്പോൾ ശിശുവിന് പ്രവേശനം ലഭിച്ചിരിക്കുന്ന ഈ ദൈവകുടുംബം എപ്പോഴും, സഹനങ്ങളിലും ജീവിതത്തിന്റെ ഇരുണ്ട രാത്രികളിൽപ്പോലും അവനോടൊപ്പം സഞ്ചരിക്കും. അത് അവന് ആശ്വാസവും സ്വസ്ഥതയും പ്രകാശവും നൽകും.



ദൂതൻ അവളോടു പറഞ്ഞു: മറിയമേ, നീ ഭയപ്പെടേണ്ടാ; ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു.

ലൂക്കാ 1:30

എന്തുകൊണ്ടാണ് സഭ ശിശു മാമ്മോദീസ എന്ന സമ്പ്രദായത്തോട് ഒട്ടിച്ചേർന്നു നിൽക്കുന്നതെന്ന് സഭാപഠനങ്ങൾ വിശദീകരിക്കുന്നു; പൗരാണിക കാലം മുതൽ സഭ ശിശു മാമ്മോദീസ നടത്തിവരുന്നുണ്ട്. രണ്ടാം നൂറ്റാണ്ടു മുതൽ ഈ പതിവിനെപ്പറ്റി സുദൃഢമായ സാക്ഷ്യം ലഭിച്ചിട്ടുണ്ട്. ഉത്ഭവ പാപത്തിന്റെ കളങ്കത്തോടുകൂടി ജനിക്കുന്നവരാകയാൽ ശിശുക്കൾ മാമ്മോദീസായിലൂടെ പുതിയ ജനനം സ്വീകരിക്കേണ്ടിയിരിക്കുന്നു. പാപാന്ധകാരത്തിന്റെ ശക്തിയിൽ നിന്ന് സ്വതന്ത്രരാക്കപ്പെടുവാനും എല്ലാ മക്കളും വിളിക്കപ്പെട്ടിരിക്കുന്ന ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കപ്പെടുവാനും അവർക്ക് അവകാശമുണ്ട്. അതിനാൽ ഒരു ശിശു ജനിച്ചയുടനെ മാമ്മോദീസ നൽകാതിരുന്നാൽ ദൈവത്തിന്റെ ശിശുവായിത്തീരുവാനുള്ള അമൂല്യമായ കൃപാവരത്തെ നിഷേധിക്കുകയാണ് നാം ചെയ്യുന്നത്. അതുകൊണ്ടു തന്നെ ജീവന്റെ പരിപോഷകർ എന്ന നിലയിൽ ദൈവം ഭരമേൽപ്പിച്ചിരിക്കുന്ന തങ്ങളുടെ ധർമ്മമായാണ് ക്രൈസ്തവ മാതാപിതാക്കൾ ശിശുക്കളുടെ മാമ്മോദീസയെ കണക്കാക്കുന്നത് (CCC 1250). കുറച്ചുകൂടെ ലളിതമായി പറഞ്ഞാൽ ഓരോ വ്യക്തിയും സംസാരിക്കാനുള്ള കഴിവോടെ ജനിക്കുന്നെങ്കിലും ഭാഷ പഠിക്കേണ്ടിയിരിക്കുന്നു. അതുപോലെ വിശ്വാസിക്കാനുള്ള കഴിവോടെ ജനിക്കുന്നവൻ വിശ്വാസം പരിചയപ്പെടേണ്ടിവരും. അത് സാധ്യമാകുന്നത് മാമ്മോദീസയിലൂടെയാണ്. കാരണം മാമ്മോദീസയിലൂടെ നാം ക്രിസ്തുശരീരത്തിലെ അവയവമായിത്തീരുന്നു, നമ്മുടെ രക്ഷകന്റെ സഹോദരീ സഹോദരന്മാരാകുന്നു, ദൈവമക്കളായിത്തീരുന്നു. അതേസമയം മാമ്മോദീസ സ്വീകരിക്കാതെ മരിച്ച ശിശുക്കളെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ കാരുണ്യത്തിൽ പ്രത്യാശവയ്ക്കാനും അവരുടെ രക്ഷയ്ക്കായി പ്രാർത്ഥിക്കാനും സഭയുടെ ആരാധനാക്രമം നമ്മോട് ആഹ്വാനം ചെയ്യുന്നു.

മാമ്മോദീസയിൽ ഒരു പേരു സ്വീകരണത്തിന് ഏറെ പ്രാധാന്യമുണ്ട്. കാരണം ഒരു പേരിനു മാമ്മോദീസ നൽകപ്പെടുക എന്നതിന്റെ അർത്ഥം ദൈവം എന്നെ അറിയുന്നു എന്നാണ്. കൂടാതെ വിശുദ്ധരുടെ പേരുകൾ ഇതിനായി തിരഞ്ഞെടുക്കുന്നതിനു കാരണം അവരേക്കാൾ നല്ല മാതൃകകൾ നമുക്കു ലഭിക്കുന്നില്ല, അവരേക്കാൾ നല്ല സഹായികളുമില്ല എന്നതാണ്. എന്റെ പേര് ഒരു വിശുദ്ധന്റേതാണെന്നാൽ എനിക്ക് ദൈവസന്നിധിയിൽ ഒരു സുഹൃത്തുണ്ടെന്ന് അത് ഉറപ്പുനൽകുന്നു. "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ (മത്താ 28:19) എന്ന ക്രിസ്തുവിന്റെ ആഹ്വാനം സ്വീകരിച്ച് ജലത്താലും ആത്മാവിനാലും വീണ്ടും ജനിക്കപ്പെട്ടവരാണ് നമ്മൾ എന്ന് ഓർക്കുക. വി. പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നമുക്ക് മറക്കാതിരിക്കാം, "അതുകൊണ്ട്, ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയതു കടന്നുപോയി. ഇതാ പുതിയതു വന്നുകഴിഞ്ഞു (2 കോറി 5 : 17).

ഏവർക്കും

**പുതുവത്സരാശംസകൾ**

നേരുന്നു.

## ഫാമിലി അപ്പസ്തോലേറ്റിന്റെ ജനുവരി മാസത്തെ പരിപാടികൾ

**10, 11 & 12 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ്**

**12-ാം തീയതി** വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള **സെമിനാർ** ( 2pm - 4 pm)



# വടക്കു കിഴക്കൻ ഇന്ത്യയിലെ ഒ.എസ്.ജെ സഭയുടെ മിഷൻ ദൗത്യം



റവ. ഡോ. സുനിൽ കല്ലറക്കൽ OSJ

**പ്രത്യാശയുടെയും സേവനത്തിന്റെയും പാതയിലൂടെയുള്ള ഒരു യാത്ര**

ലോകത്തിലെ മറ്റു രാജ്യങ്ങളിലെന്നതു പോലെ, ഭാരതത്തിന്റെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളായ ആസാം മണിപ്പൂർ എന്നിവിടങ്ങളിൽ നടത്തുന്ന മിഷൻ ദൗത്യം ഒ.എസ്.ജെ. സഭയുടെ മാനവികതയിലും സ്നേഹത്തിലും സഹനത്തിലും അധിഷ്ഠിതമായ സമർപ്പണത്തിന്റെ സാക്ഷ്യമാണ്. ഒരർത്ഥത്തിൽ വിനയഭാവത്തോടും അർപ്പണ മനോഭാവത്തോടും ആശ്രാന്തപരിശ്രമത്തോടും കൂടി സേവനമനുഷ്ഠിക്കാനുള്ള സഭയുടെ പ്രതിബദ്ധതയുടെ പ്രമാണ രേഖയാണെന്ന് ഇതിനെ സാക്ഷ്യപ്പെടുത്താം.

2009 മുതൽ ഗുവാഹത്തി ആർച്ച് ബിഷപ്പ് ആയിരുന്ന തോമസ് മേനാംപറമ്പിലിന്റെ ക്ഷണം സ്വീകരിച്ച് ആസാം, മണിപ്പൂർ പ്രദേശത്തെ ജനജീവിതത്തെ പുരോഗതിയുടെ പാതയിലേക്ക് ഉയർത്തുവാനും പരിവർത്തന വിധേയമാക്കുവാനും മിഷനറിമാർ ആത്മസമർപ്പണത്തോടെ പ്രവർത്തിച്ചുവരുന്നു. ഒരേ ദേശീയ സ്വത്വം നിലനിർത്തുന്ന സംസ്ഥാനങ്ങളാണ് കേരളവും ആസാമും എന്നിരുന്നാലും സംസ്കാരത്തിലും കാലാവസ്ഥയിലും മതപരമായ ജനസംഖ്യ ശാസ്ത്രത്തിലും ഈ സംസ്ഥാനങ്ങൾ വൈവിധ്യം പ്രകടിപ്പിക്കുന്നുണ്ട്. കേരളത്തെ സംബന്ധിച്ച് ക്രിസ്ത്യൻ ജനസംഖ്യയും കത്തോലിക്കാ പാരമ്പര്യവും ആഴത്തിൽ ഉറച്ചതാണ്. പക്ഷേ ആസാമിൽ ആവട്ടെ ജനസംഖ്യയുടെ 3% മാത്രമേ ക്രിസ്ത്യൻ ജനത ഉള്ളൂ. പ്രകടമായ ഈ വൈരുദ്ധ്യമാണ് മിഷണറിമാരെ അവിടേക്ക് നയിച്ചത്. യാസേപ്പിതാവിലേക്ക് പോവുക എന്ന ലക്ഷ്യത്തോടെ മുന്നേറുന്ന സഭയുടെ മോട്ടോ അവരുടെ ദൈവപരിപാലനയിലുള്ള ആശ്രയം, മധ്യസ്ഥനായ യൗസേപ്പിതാവിൽ നിന്നുള്ള പ്രചാദനം എന്നിവയെ പ്രതിഫലിപ്പിക്കുന്നു.

**ആസാമുമായുള്ള ബന്ധം ദൃഢപ്പെടുന്നു**

ഈ പ്രയാണം ആരംഭിച്ചത് ഫാ. ജീസൻ തണ്ണിക്കോട്, ഫാ. ആന്റണി ചെട്ടിവേലിയകത്ത് എന്നിവരുടെ നേതൃത്വത്തിലാണ്. ഭാഷയുടെയും സംസ്കാരത്തിന്റെയും കാലാവസ്ഥയുടെയും വെല്ലുവിളികളെ അതിജീവിച്ച് അവർ പ്രാദേശിക തനിമയും ധാർമികതയും മനസ്സിലാക്കുന്നതിനും തദ്ദേശീയരുടെ വിശ്വാസം ആർജിക്കുന്നതിനുമായി ഗ്രാമ ഇടവകകളിലേക്ക് കടന്നുചെന്നു. ആർച്ച് ബിഷപ്പ്, രംഘിയായിലുള്ള അതിരൂപതയുടെ പാസ്റ്ററൽ കേന്ദ്രവും ലോഹർഗട്ടുള്ള മിഷൻ പ്രവർത്തനങ്ങളും ഒ.എസ്.ജെ. മിഷണറികളെ ഏൽപ്പിച്ചത് മുതൽ അവരുടെ പരിശ്രമങ്ങൾ ഫലം കണ്ടുതുടങ്ങി.

2013 ൽ ക്രിസ്ത്യൻ കുടുംബങ്ങൾ ഒന്നും തന്നെ ഇല്ലാതിരുന്ന വിദൂര ഗ്രാമമായ ബൈഹട്ടയിൽ മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. നിരവധി വെല്ലുവിളികൾ അവർക്ക് മുന്നിൽ ഉണ്ടായി. മതപരിവർത്തനം നടക്കുമോ എന്ന് ആശങ്കാകുലരായ ഗ്രാമനിവാസികൾ മിഷനറികളെയും അവരുടെ പദ്ധതികളെയും എതിർത്തു.

എന്നിരുന്നാലും മിഷനറികൾ ഗ്രാമനിവാസികളോട് വിനയപൂർവ്വം ഇടപെടുകയും സത്യത്തിന്റെ മാർഗ്ഗത്തെ കൂട്ടുപിടിച്ച് അവരുടെ വീടുകൾ സന്ദർശിക്കുകയും പ്രാദേശിക ജനതയുമായി നല്ലൊരു ബന്ധം സ്ഥാപിക്കുകയും ചെയ്തുകൊണ്ട് ജനസ്വീകാര്യത നേടി.

2016ൽ സ്ഥാപിച്ച സെന്റ് ജോസഫ് സ്കൂൾ വലിയൊരു മാറ്റത്തിനു കാരണമായി. മുളകൊണ്ടു നിർമ്മിച്ച ഒരു ഷെഡ്ഡിൽ ചുരുക്കം വിദ്യാർത്ഥികളുമായി തുടക്കം കുറിച്ച വിദ്യാലയം ഇന്ന് ഹിന്ദു-മുസ്ലിം കുടുംബങ്ങളിൽ നിന്നുള്ള 1300 ലധികം കുട്ടികൾ വിദ്യ അഭ്യസിക്കുന്ന വലിയൊരു അറിവിന്റെ ഇടമായി മാറി.

**മണിപ്പൂർ അതിർത്തികളിലേക്ക്**

മിഷനറികളുടെ ധീരതയെയും പ്രതിരോധശേഷിയെയും പ്രതിഫലിപ്പിക്കുന്നതാണ് മണിപ്പൂരിലെ മിഷൻ. വംശീയ സംഘർഷ



ങ്ങൾ നിലനിൽക്കുന്ന ഈ പ്രദേശത്ത് OSJ സഭ ഇംഫൽ രൂപതയിൽ തൻലോൺ എന്ന സ്ഥലത്തു ഇടവക, സ്കൂൾ, ഹോസ്റ്റൽ എന്നിവ നയിച്ചുകൊണ്ട് പോകുന്നു. കുക്കി സമുദായത്തിനിടയിലുള്ള സേവന പ്രവർത്തനങ്ങളിലൂടെ പ്രക്ഷുബ്ധമായ സമൂഹത്തിൽ സമാധാനം പടുത്തുയർത്തുവാനും മികച്ച വിദ്യാഭ്യാസം നൽകുവാനുമുള്ള ശ്രമങ്ങൾ വിജയം കണ്ടുകൊണ്ടിരിക്കുന്നു.

**ദൗത്യം അഭിവൃദ്ധിയിലേക്ക്**

2010 ൽ വെറും രണ്ട് മിഷണറിമാരുമായി തുടങ്ങിയ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സേവനം ഇപ്പോൾ 6 കമ്മ്യൂണിറ്റികളിലായി വിശാലമായി മാറി. ഭൂട്ടാൻ അതിർത്തിയോട് ചേർന്നുള്ള നാഗ്രിജൂലിയിലെ സെന്റ് ജോസഫ് ഫോർമേഷൻ ഹൗസ് എന്ന പുതുതായി ആരംഭിച്ച സെമിനാരിയിൽ ആസാം, മേഘാലയ മണിപ്പൂർ, ഒഡീഷ എന്നിവിടങ്ങളിൽ നിന്നുള്ള 20 വൈദിക വിദ്യാർഥികൾ പഠനം നടത്തുന്നു. അവരെ ആഗോള സഭയ്ക്കും നാടിനും വേണ്ടിയുള്ള ഉത്തമ മിഷനറിമാരാക്കാനുള്ള ശ്രമങ്ങളിൽ സഭ സജീവമാണ്. പെറുവിലെ എന്റെ 4 വർഷത്തെ സേവനത്തിനു ശേഷം ഇപ്പോൾ ഈ സെമിനാരിയിലാണ് ഞാൻ റെക്ടർ ആയി സേവനം ചെയ്യുന്നത്.

ആത്മീയ പ്രവർത്തനങ്ങൾക്ക് അതീതമായി പ്രായോഗിക പ്രശ്നങ്ങൾ, ആവശ്യങ്ങൾ എന്നിവയും അഭിസംബോധന ചെയ്യുന്നുണ്ട് ഒ.എസ്.ജെ സഭാമിഷൻ. കുടിവെള്ളം, തൊഴിൽ- ഉപജീവനമാർഗങ്ങൾ, പാർപ്പിട സൗകര്യങ്ങൾ എന്നിവയും പ്രദാനം ചെയ്തുകൊണ്ട് മിഷനറിമാർ വികസനത്തിന്റെ വക്താക്കളായി മാറുകയും സമഗ്ര വികസനം ഉറപ്പാക്കുകയും ചെയ്യുന്നു സർവ്വലോക സഹോദര്യം എന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനത്തെ അവരുടെ പ്രവർത്തനങ്ങൾ ഉദാഹരിക്കുന്നു.

വടക്കുകിഴക്കൻ ഇന്ത്യയിലെ സഭയുടെ പ്രവർത്തനങ്ങൾ പരിവർത്തനത്തിന്റെയും പ്രത്യാശയുടെയും ദീപപ്രഭ ചൊരിഞ്ഞുകൊണ്ട് മുന്നേറുന്നു. വിശ്വാസികളുടെ പ്രാർത്ഥനയിലും പിന്തുണയിലുംകൂടി ഇത് അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നു.

വിശ്വാസത്തോടെ വിതച്ച വിത്തുകൾ ദൈവമഹത്വത്തിനും മനുഷ്യരാശിയുടെ സേവനത്തിനുമായി ദൈവകൃപയാൽ സമൃദ്ധിയുടെ ഫലങ്ങളായി രൂപപ്പെടട്ടെ.

■



# മേരി വാർഡ് ;

## ധൈര്യത്തിന്റെയും അനുകമ്പയുടെയും ഒരു ദർശനം.



സി. വിദ്യ CJ

**1**585-ൽ ഇംഗ്ലണ്ടിലെ യോർക്ക് ഷെയറിലെ ഒരു പുരാതന കത്തോലിക്കാ കുടുംബത്തിൽ മാർമഡ്യൂക്ക് വാർഡിന്റെയും ഊർസുലാ റൈറ്റിന്റെയും മകളായി ജനുവരി 23 ന് ജനിച്ചു. മത-രാഷ്ട്രീയ സംഘട്ടനങ്ങൾ നിലനിന്നിരുന്ന അക്കാലത്ത് ക്രൈസ്തവ വിശ്വാസ പരിശീലനം തീർത്തും ദുഷ്കരമായ സാഹചര്യത്തിലായിരുന്നു മേരി വാർഡ് വളർന്നു വന്നത്. ഈ വെല്ലുവിളികൾക്കിടയിലും സ്നേഹം, നീതി, സ്വാതന്ത്ര്യം, ആത്മാർത്ഥത എന്നീ മൂല്യങ്ങൾ വളർത്തിയെടുക്കാൻ മേരി വാർഡ് തന്റെ ജീവിതം സമർപ്പിച്ചു.

കത്തോലിക്കാ സഭയുടെ അപ്പസ്തോലിക ജീവിതത്തിൽ സ്ത്രീകൾ സജീവമായി ഇടപെടണമെന്ന് വിശ്വസിച്ച ആദ്യ സ്ത്രീകളിലൊരാൾ എന്ന നിലയിൽ ശ്രദ്ധേയയായ മേരി വാർഡ്, ദൈവത്തിന് തന്നെത്തന്നെ സമർപ്പിക്കാൻ നിശ്ചയിച്ചിരുന്ന ധ്യാനാത്മകമായ മതജീവിതത്തിന്റെ കർശനമായരൂപം തിരഞ്ഞെടുത്ത് ഫ്ളാൻഡേഴ്സിലെ സെന്റ് ഒമറിലെത്തി, തന്നെ ക്ലെയർ ഓർഡറിൽ ഒരു സാധാരണ സഹോദരിയായി ചേർന്നു.

ഒരു കോൺവെന്റിനുള്ളിലെ പ്രാർത്ഥനയുടെ ജീവിതം മാത്രമല്ല തന്റേതെന്ന ദൈവീകവെളിപാടനുസരിച്ച് 1609-ൽ മേരി വാർഡ് ലണ്ടനിലേയ്ക്ക് മടങ്ങി. കത്തോലിക്കാ വിശ്വാസികൾക്കെതിരെ കർശനമായ നിയമങ്ങൾ നടപ്പാക്കിയിരുന്ന ആ കാലത്ത് ദൈവം തന്നെയും ദൈവമഹത്വത്തിനായി വിളിക്കുകയാണെന്ന് തിരിച്ചറിഞ്ഞ് തന്റെ കൂട്ടുകാരോടൊപ്പം ഫ്ളാൻഡേഴ്സിലേയ്ക്ക് പോയി സെന്റ് ഒമറിൽ ആദ്യത്തെ കേൺവെന്റ് സ്ഥാപിച്ചു. 1611-ൽ പ്രാർത്ഥനയ്ക്കിടെ ലഭിച്ച 'ഈശോസഭയുടെ നിയമങ്ങൾ തന്നെ പിന്തുടരൂ' എന്ന വിളിയനുസരിച്ച് ഇഗ്നേഷ്യൻമാതൃകയിൽ സ്ത്രീകൾക്കായി ഒരു സഭ സ്ഥാപിക്കാനിറങ്ങിപ്പുറപ്പെട്ടു. 1631- ൽ പോപ്പ് അർബൻ എട്ടാമൻ സഭയെ അടിച്ചമർത്തുന്നതിന്റെ ഭാഗമായി രണ്ടു തവണ വിചാരണ തടവുകാരിയാക്കപ്പെട്ടു. ഈ കാലയളവിൽ പ്രാദേശിക ഭരണാധികാരികളുടെയും ബിഷപ്പുമാരുടെയും അഭ്യർത്ഥന പ്രകാരം സെന്റ്.ഒമർ, ലീജ്, ട്രയർ, കൊളോൺ, റോം, പെറുഗിയ, നേപ്പിൾസ്, മ്യൂണിക്ക്, വിയന്ന, പ്രസ്ബർഗ് എന്നിവിടങ്ങളിൽ വീടുകളും സ്കൂളുകളും സ്ഥാപിച്ചു. പലപ്പോഴും പാപ്പായുടെ വിലക്ക് മേരിവാർഡിനു നേരിടേണ്ടി വന്നു. ട്രെന്റ് കൗൺസിലിന്റെ പരിഷ്കാരങ്ങൾ പുതിയ മതസഭകളെ, പ്രത്യേകിച്ച് സ്ത്രീകളെ വിലക്കുകയും ചെയ്ത അക്കാലത്ത് സ്ത്രീകളുടെ ഒരു സഭ എന്നത് അധികാരികൾക്ക് അചിന്തനീയമായിരുന്നു. 1632-ൽ റോമിലേയ്ക്ക് വിളിക്കപ്പെട്ട മേരി വാർഡിന് മാർപാപ്പയിൽനിന്ന് അനുകൂല മറുപടി ലഭിക്കുകയും സ്ത്രീകളുടെ വിദ്യാഭ്യാസ ശാക്തീകരണരംഗത്ത് വിപ്ലവകരമായ കാഴ്ചപ്പാടിലൂടെ ലോകത്തിന് മുന്നിൽ മായാത്ത മുദ്ര പതിപ്പിക്കാൻ കഴിഞ്ഞു. സമൂഹത്തിന് ഗണ്യമായ സംഭാവന നൽകാൻ സ്ത്രീകൾക്ക്

*(ശേഷം 20-ാം പേജ് കാണുക)*



*അവൻ ഇത് അരുളിച്ചെയ്തുകൊണ്ടിരിക്കുമ്പോൾ ജനക്കൂട്ടത്തിൽനിന്ന് ഒരു സ്ത്രീ ഉച്ചത്തിൽ അവനോടു പറഞ്ഞു: നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ.*

ലൂക്കാ 11:27

# മുരിങ്ങാപ്പൂവുകൾ വിടരുമ്പോൾ :

## കാഴ്ചയുടെ രാഷ്ട്രീയം



ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

വിനോദത്തിനും വ്യവസായത്തിനും വേണ്ടിയാണ് സിനിമകൾ നിർമ്മിക്കപ്പെടുന്നതെങ്കിലും വ്യക്തമായ ചില രാഷ്ട്രീയ നിലപാടുകൾ സിനിമകൾക്ക് ഉണ്ടാകാറുണ്ട്. ദൃശ്യഭാഷയിലൂടെയാണ് ചലച്ചിത്രങ്ങൾ അതിന്റെ രാഷ്ട്രീയം നിർവഹിച്ചെടുക്കുന്നത്. ലൂസിഫർ എന്ന സിനിമയിൽ പോലീസ് കമ്മീഷണറായ മയിൽവാഹനം ആവർത്തിച്ച് ആവർത്തിച്ച് കാണുന്ന സീരിയലാണ് ഗോമതി. ഈ വാക്കിന് രണ്ടാക്കി പിരിച്ചെടുത്താൽ ഗോ + മതി എന്നാകും. അതായത് പശു മാത്രം മതി എന്നുള്ള അർത്ഥം അതിന് ലഭിക്കുന്നു. ആധുനിക ഇന്ത്യയിൽ പശു എന്ന ചിഹ്നത്തിന് നിരവധി രാഷ്ട്രീയ അർത്ഥങ്ങൾ ഉണ്ടെന്ന് ഓർക്കേണ്ടതുണ്ട്. ഗോമതി എന്ന വാക്കിലൂടെയും കാഴ്ചയിലൂടെയും ലൂസിഫർ എന്ന സിനിമ നിർവഹിക്കുന്ന രാഷ്ട്രീയ അർത്ഥങ്ങൾ എത്രമാത്രം ഉണ്ടെന്ന് ഇതിൽ നിന്ന് വ്യക്തമാവുന്നതാണ്. ഇത് മനസ്സിലാക്കിയെടുക്കണമെങ്കിൽ സിനിമയിൽ പ്രയോഗിക്കുന്ന ദൃശ്യഭാഷയെയും ചിഹ്നങ്ങളെയും മിത്തുകളെയും മനസ്സിലാക്കി എടുക്കേണ്ടതുണ്ട്. മിത്തുകളെയും ചിഹ്നങ്ങളെയും ദൃശ്യഭാഷയിൽ കോർത്തിണക്കി സിനിമ അവതരിപ്പിക്കുന്ന അർത്ഥതലങ്ങൾ എന്തൊക്കെയാണ് എന്നതാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

പച്ചക്കറിക്ക് വില കൂടുതലാണെന്ന് അടുത്തിടെ പത്രത്തിൽ കണ്ടിരുന്നു. മുരിങ്ങാക്കോലിന് 500 രൂപയാണ് ഇന്ന് മാർക്കറ്റ് വില. ഒരു പച്ചക്കറി എന്നതിനപ്പുറം നമ്മുടെ സംസ്കാരത്തിൽ മുരിങ്ങാക്കോലിന് വേറെ ചില അർത്ഥങ്ങളുണ്ട്. അത് ലൈംഗികതയുമായി ബന്ധപ്പെട്ടതാണ്. മുരിങ്ങക്കോൽ കഴിച്ചാൽ ലൈംഗിക താല്പര്യങ്ങൾ വർദ്ധിക്കുമെന്ന് നമ്മുടെ നാട്ടുവർത്തമാനങ്ങളിൽ ഒന്നാണ്. ഇതിന് വ്യക്തമായ ശാസ്ത്രീയ അടിത്തറയുണ്ടോ എന്ന് സംശയമാണ്. എന്തുകൊണ്ടായിരിക്കണം മുരിങ്ങക്കോലിനെ ലൈംഗികതയുമായി ബന്ധപ്പെടുത്തിയുള്ള നാട്ടുവർത്തമാനത്തിന് കാരണമായിട്ടുള്ളത്? ഒരുപക്ഷേ മുരിങ്ങക്കോലിന്റെ രൂപമാകാം ഈ ചിന്തയ്ക്ക് അടിസ്ഥാനം. ഉദ്ധരിച്ചു നിൽക്കുന്ന പുരുഷ ലിംഗത്തിന്റെ രൂപസാദൃശ്യമാകാം മുരിങ്ങക്കോലിനെ ലൈംഗികതയുടെ ഉത്തേജകമായി നമ്മുടെ ചിന്തകളിൽ ഇടം പിടിക്കാൻ കാരണമായത്.

ഇങ്ങനെയുള്ള നാട്ടുമിത്തുകൾ സിനിമകൾ വളരെ സമർത്ഥമായി ഉപയോഗിക്കാറുണ്ട്. രണ്ട് സിനിമകൾ അതിനുള്ള ഉദാഹരണമായി എടുക്കാവുന്നതാണ്. 2012 പുറത്തിറങ്ങിയ തീവ്രം എന്ന സിനിമയും 2019-ൽ പുറത്തിറങ്ങിയ ആദ്യ രാത്രി എന്ന സിനിമയും.

ആദ്യരാത്രി എന്ന സിനിമയിലെ 35-ാം മിനിറ്റിലെ സീനിൽ ശ്യാമ എന്ന കഥാപാത്രം അടുക്കളയിൽ വച്ച് തനിക്ക് അടുപ്പിച്ച് അടുപ്പിച്ച് കുട്ടികൾ ഉണ്ടാകുന്നതിനെ കുറിച്ച്

ഭർത്താവിനെതിരെ മനോഹരൻ എന്ന നായക കഥാപാത്രത്തോട് പരാതി പറയുന്നു. ആ സംഭാഷണത്തിനൊടുവിൽ മനോഹരൻ അടുക്കളയിൽ ഇരുന്ന മുരിങ്ങാക്കോലെടുത്ത് പുറത്തു പോകുന്നു. ശ്യാമയുടെ ഭർത്താവിന്റെ ലൈംഗിക താൽപര്യങ്ങൾക്ക് പുറകിൽ മുരിങ്ങാക്കോലാണ് കാരണമെന്ന് പരോക്ഷമായ സൂചന ഈ സീനിൽ നിന്ന് കാഴ്ചക്കാരന് ലഭിക്കുന്നു.

തീവ്രമെന്ന സിനിമയിലെ വില്ലൻ കഥാപാത്രമാണ് രാഘവൻ എന്ന ഓട്ടോ ഡ്രൈവർ. വിവാഹിതനെങ്കിലും മറ്റ് സ്ത്രീകളോട് ലൈംഗിക താൽപര്യങ്ങൾ കാണിക്കുന്ന വ്യക്തിയാണ് ഇയാളെന്ന് സിനിമയുടെ തുടക്കത്തിലെ പല സീനുകളിൽ നിന്നും വ്യക്തമാകുന്നു. സിനിമയുടെ 11-ാം മിനിറ്റിലെ സീനിൽ ഇയാൾ ജോലി കഴിഞ്ഞ് വീട്ടിലെത്തുമ്പോൾ കൊണ്ടുവരുന്ന പച്ചക്കറിയുടെ കൂട്ടത്തിൽ മുരിങ്ങക്കോലും കാണാവുന്നതാണ്.

ആദ്യരാത്രിയിൽ മുരിങ്ങാക്കോലിന്റെ ലൈംഗിക സൂചനയെക്കുറിച്ച് നേരിട്ടാണ് പറയുന്നതെങ്കിൽ തീവ്രത്തിൽ' അത് വെറുതെ അങ്ങ് കാണിച്ചു പോകുന്നതേയുള്ളൂ. ഈ രണ്ട് സിനിമകളിലും മുരിങ്ങക്കോൽ സൂചിപ്പിക്കുന്ന ലൈംഗിക മിത്തിനെ കുറിച്ചുള്ള ധാരണ പ്രേക്ഷകന് ഉണ്ടെങ്കിൽ മാത്രമാണ് അതിന്റെ അർത്ഥതലങ്ങൾ വ്യക്തമാവുകയുള്ളൂ.

നമ്മുടെ സോഷ്യൽ പ്ലാറ്റ്ഫോമുകളിൽ സിനിമാ നിരൂപണം പലരും നടത്തിവരുന്നത് കണ്ടിട്ടുണ്ട്. ഇവരിൽ ഭൂരിഭാഗവും സിനിമയെ കുറിച്ച് കാര്യമായി അറിവില്ലാത്തവരാണെന്ന് അവരുടെ സിനിമാനിരൂപണങ്ങൾ ശ്രദ്ധിച്ചാൽ മനസ്സിലാകും. മുൻവിധികളോടെയും പ്രത്യയശാസ്ത്രപരമായ പക്ഷപാതയോടെയും നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം സിനിമാ നിരൂപണങ്ങൾ തള്ളിക്കളയേണ്ടത് ആവശ്യമാണ്. അതിന് സിനിമയെക്കുറിച്ച്, സിനിമയുടെ ദൃശ്യഭാഷയെക്കുറിച്ച്, സിനിമ അവതരിപ്പിക്കുന്ന രാഷ്ട്രീയ നിലപാടുകളെക്കുറിച്ച് കാഴ്ചക്കാരന് ബോധ്യങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അല്ലെങ്കിൽ അപക്വമായ സിനിമാനിരൂപണങ്ങൾ കാഴ്ചക്കാരുടെ താൽപര്യങ്ങളെ സ്വാധീനിക്കുകയും അത് സിനിമയുടെ കലാപരവും വ്യവസായപരവുമായ വളർച്ചയെ തകർക്കുകയും ചെയ്തുകൊണ്ടിരിക്കും.

■

---

*(18-ാം പേജ് തുടർച്ച )*

തുല്യ കഴിവുണ്ടെന്ന വിശ്വാസത്തിലാണ് അവളുടെ വിദ്യാഭ്യാസ തത്വശാസ്ത്രം വേരൂന്നിയിരുന്നത്.

മേരി വാർഡിന്റെ ദർശനം തടസ്സങ്ങളില്ലാത്തതായിരുന്നില്ല. വിദ്യാഭ്യാസത്തോടൊപ്പം മിഷൻ രംഗത്തും ആതുരസേവന രംഗത്തും വ്യക്തിമുദ്ര പതിപ്പിക്കാൻ മേരി വാർഡിന് കഴിഞ്ഞു.

1645 ജനുവരി 30 ന് ഇംഗ്ലീഷ് ആഭ്യന്തര യുദ്ധത്തിനിടെ അവളുടെ ജീവിതം നിത്യ സൗഭാഗ്യത്തിനായി എടുക്കപ്പെട്ടു. എല്ലാ വർഷവും ജനുവരി 23 മുതൽ 30 വരെ മേരി വാർഡ് ദിവസങ്ങൾ ആയി ആചരിക്കുന്നു. ഇപ്പോൾ 44 രാജ്യങ്ങളിൽ മേരി വാർഡ് സിസ്റ്റേഴ്സ് സേവനം അനുഷ്ഠിക്കുന്നു. ഇംഗ്ലീഷ് ആഭ്യന്തര യുദ്ധം വേർപെടുത്തിയെങ്കിലും മേരി വാർഡിന്റെ മൂല്യങ്ങൾ പിന്തുടരുന്ന് പ്രവർത്തനം തുടരുന്ന ലൊറെയ്റ്റോ സിസ്റ്റേഴ്സും Congregation of Jesus ( CJ) സിസ്റ്റേഴ്സും ഒരുമിച്ച് ചേരുന്നതിനുള്ള നീക്കങ്ങൾ അന്തിമ ഘട്ടത്തിൽ എത്തിയിരിക്കുകയാണ്.

മേരി വാർഡിന്റെ ദർശനവും ധൈര്യവും അനുകമ്പയും ഇനിയും മെച്ചപ്പെട്ട, സമാധാന പൂർണമായ ലോകത്തെ സ്വപ്നം കാണാൻ ധൈര്യപ്പെടുന്നവർക്ക് ഒരുപാട് കാര്യങ്ങൾ ചെയ്യാനായി വഴിതെളിച്ചുകൊണ്ടേയിരിക്കുന്നു.

■



*നീ ജ്ഞാനത്തിനു ചെവി കൊടുക്കുകയും അറിവിന്റെ നേരെ നിന്റെ ഹൃദയംചായിക്കുകയും ചെയ്യുക.*
സുഭാ 2:2

കത്തോലിക്കാ സഭയെ
അറിയാം... പഠിക്കാം...

# ചാക്രിക ലേഖനങ്ങൾ, അപ്പസ്തോലിക പ്രബോധനങ്ങൾ



**അനി ജോസഫ്, കൂട്ടുകാട്**

**യേ**ശു ക്രിസ്തു അപ്പോസ്തലന്മാർക്ക് നൽകിയ പ്രബോധന ദൗത്യമായ 'നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുക' എന്ന ആഹ്വാനം ഉൾക്കൊണ്ട് അപ്പസ്തോല പിൻഗാമിയായ പാപ്പ കത്തോലിക്കാ സഭ മുഴുവനും ലോകത്തിനും വേണ്ടി വിവിധ പ്രബോധനങ്ങൾ നൽകുന്നു.ഇവയിൽ പ്രധാനപ്പെട്ടതാണ് ചാക്രിക ലേഖനങ്ങൾ (Encyclical), അപ്പസ്തോലിക പ്രബോധനങ്ങൾ (Apostolic Exhortation) എന്നിവ.

ലോകമെമ്പാടുമുള്ള മെത്രാൻമാർക്കും സഭ മുഴുവനുംവേണ്ടി ഏതെങ്കിലും ഒരു സുപ്രധാന വിഷയത്തെക്കുറിച്ച് സംസാരിക്കുവാനും പഠിപ്പിക്കാനും വേണ്ടിയാണ് പാപ്പമാർ ചാക്രിക ലേഖനം പുറപ്പെടുവിക്കുന്നത്. ആദ്യകാലങ്ങളിൽ പാപ്പമാർ മെത്രാൻമാർക്ക് അയച്ചിരുന്ന കത്ത് ആയിരുന്നു ചാക്രിക ലേഖനം. ലത്തീൻ വാക്കായ Encyclia എന്നതിൽ നിന്നുമാണ് ഈ പദത്തിന്റെ ഉത്ഭവം. ഗ്രീക്കിൽ ഇതിന്റെ അർത്ഥം ചുറ്റിത്തിരിയുന്ന അല്ലെങ്കിൽ എല്ലായിടത്തും എത്തിപ്പെടുന്ന എന്നെല്ലാമാണ്. എൻസൈക്ലോപീഡിയ എന്ന വാക്കിന്റെയും ഉത്ഭവം ഇതിൽനിന്ന് തന്നെയാണ്. എന്നാൽ കാലങ്ങൾ കഴിഞ്ഞപ്പോൾ ചാക്രിക ലേഖനങ്ങൾ പാപ്പയുടെ പ്രബോധന രേഖയായി മാറി. സഭയുടെ നന്മ ലക്ഷ്യമാക്കിയാണ് ചാക്രിക ലേഖനങ്ങൾ പുറപ്പെടുവിക്കുന്നത്.ചിലപ്പോൾ ഒരു തെറ്റായ പഠനം തിരുത്തുന്നതിനോ വിശ്വാസത്തിനോ ധാർമികതയ്ക്കോ എതിരായ പ്രവണതയുടെ അപകടങ്ങളെക്കുറിച്ച് വിശ്വാസികളെ ബോധവാന്മാരാക്കുന്നതിനോവേണ്ടിയായിരിക്കും ഇവ പുറപ്പെടുവിക്കുന്നത്.

അപ്പോസ്തോലിക പ്രബോധനങ്ങൾ എന്നാൽ വിശ്വാസ സമൂഹത്തെ ചില കാര്യങ്ങൾ പ്രത്യേകിച്ച് ആത്മീയ കർത്തവ്യങ്ങൾ ഉത്സാഹത്തോടെ ചെയ്യുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണ്. ഉദാഹരണത്തിന് ജനങ്ങളിൽ വിശുദ്ധ ഗ്രന്ഥ വായന പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ബെനഡിക്ട് പതിനാറാമൻ പാപ്പ രചിച്ചതാണ് വെർബും ദൊമിനി (ദൈവവചനം)എന്ന അപ്പസ്തോലിക പ്രബോധനം. പാപ്പയുടെ കൈപ്പടയിൽ എഴുതുന്ന കത്തുകൾക്ക് പറയുന്ന പേരാണ് ചിറോഗ്രാഫി.

എല്ലാ മെത്രാന്മാർക്കും വിശ്വാസികൾക്കും വേണ്ടി എഴുതുന്ന ലേഖനത്തെ എൻസൈക്ളിക്കൽ എന്ന് ആദ്യമായി വിളിച്ചത് ബെനഡിക്ട് പതിനാലാമൻ പാപ്പയാണ്. ഏറ്റവും കൂടുതൽ ചാക്രിക ലേഖനങ്ങൾ പുറപ്പെടുവിച്ചത് ലെയോ പതിമൂന്നാമൻ പാപ്പയാണ് (84 എണ്ണം). ചാക്രിക ലേഖനങ്ങൾ ഔദ്യോഗികമായി ലത്തീൻ ഭാഷയിലാണ് പ്രസിദ്ധപ്പെടുത്തുന്നത്. ഫ്രാൻസിസ് പാപ്പയുടെ ചാക്രിക ലേഖനങ്ങളാണ് ലൗദാത്തെ സി

(ദൈവമേ അങ്ങേയ്ക്ക് സ്തുതി), ലുമെൻ ഫിദെയി (വിശ്വാസ വെളിച്ചം, ഫ്രത്തെല്ലി തൂത്തി (എല്ലാവരും സഹോദരർ). കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം ഇപ്രകാരം പറയുന്നു 'ക്രിസ്തുവിൽ നിന്ന് സ്വീകരിച്ച പ്രബോധന അധികാരം സഭ പൂർണമായി വിനിയോഗിക്കുന്നത് വിശ്വാസ സത്യങ്ങൾ പ്രഖ്യാപിക്കുമ്പോളാണ്'(CCC-88). ■

**ക്രിസ്തുമസിനോടനുബന്ധിച്ച് രൂപതയിലെ ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി 2024 ഡിസംബർ 01-ാം തീയതി നടത്തിയ**

## ഉണ്ണീശോയ്ക്കൊരു കത്ത്, കഥപറയൽ എന്നീ മത്സരങ്ങളിലെ വിജയികൾ

### കഥപറയൽ മത്സരം - Std I

**Section A & B**

1st - Juann Jenny Jeffin, Marymatha Unit, Vettilapara
2nd - Evin Jestin, Infant Jesus Unit, Kadakkara
3rd - Abiel P.A, St. Thomas Unit, Kodungallur

**Section C, D & E**

1st - Hanna Marin, Sacred Heart Unit, Thrissur
2nd - Natania Maria, St. Rockey Unit, Kovilakathumkadavu
3rd - Aidhan Varghese, St. Antony Unit, Chettikkad

### കഥപറയൽ മത്സരം - Std II

**Section A & B**

1st - Serah Prince, St. Sebastian Unit, Poyya
2nd - Iza Teresa, St. Joseph Cottolengo Unit, Pallithazham
3rd - Angel Siju, Lourde Matha Unit, Kurisingal
- Amanna Wilson, St. Joseph Unit, Peechi

**Section C, D & E**

1st - Jiyanna Rose, St. Don Bosco Unit, N. Paravur
2nd - John Jeevas K. J, Sacred Heart Unit, Thrissur
3rd - Noadiah Sanal, St. Vincent Ferror Unit, Chathanad

### ഉണ്ണീശോയ്ക്കൊരു കത്ത് - Std III

**Section A & B**

1st - Evans Albin, Velankanni Matha Unit, Thekkethuruth
2nd - Jewel K.J, St. Sebastian Unit, Poyya
3rd - Blathma Agnus, St. Thomas Unit, Kodungallur

Section C, D & E

1st - Aleeva Mariya E.A, St. Joseph Unit, Mathilakam
2nd - Isa Rose Avarez, St. Francis Xavier Unit, Sampaloor
3rd - Angel Mariya Joy, Holy Family Unit, Munambam
- Reiha Mariya Shan, St. Sebastian Unit, Kottuvally

### ഉണ്ണീശോയ്ക്കൊരു കത്ത് - Std IV

**Section A & B**

1st - Sana Jestin, Infant Jesus Unit, Kadakkara
2nd - Abner P. Manoj, Nithyasahaya Matha Unit, Chendamangalam
3rd - Rohan Jibin, Velankanni Matha Unit, Thekkethuruth

**Section C, D & E**

1st - Evangel Lizy Linto, St. Antony Unit, Malapallipuram
- Jewel Maria Rijo, Sacred Heart Unit, Thrissur
2nd - Devliya Raj, Velankanni Matha Unit, Kadappuram
- Jennifer Zara D'silva, St. Joseph Unit, Mathilakam
3rd - Jasmine Seby, St. Francis Xavier Unit, Sampaloor
- Edriel Joseph, St. Sebastian Unit, Gothuruth

## മതബോധന അറിയിപ്പുകൾ

| | |
|---|---|
| 2025 ജനുവരി 05 | സഭാവിജ്ഞാന പരീക്ഷ രൂപതാതലം |
| 2025 ജനുവരി 26 | രണ്ടാം സെമസ്റ്റർ മതബോധന പരീക്ഷ (ക്ലാസ്സ് 10, 11, 12) |



കഴിഞ്ഞ കാര്യങ്ങൾ നിങ്ങൾ ഓർക്കുകയോ പരിഗണിക്കുകയോ വേണ്ടാ.
ഏശായ്യ 43:18

ലൂക്ക 1 : 46-55




# നവവത്സരം പ്രത്യാശയോടെ



**ഫാ. സിജിൽ മുട്ടിക്കൽ**
കാർമ്മൽഗിരി സെമിനാരി, ആലുവ

**മാ**നവവംശം ഒരു പുതിയ വർഷത്തിലേക്ക് കാലെടുത്തു വയ്ക്കുകയാണ്. മുൻപെങ്ങും കാണാത്ത വിധം നിരവധി പ്രതിസന്ധികളിലൂടെയാണ് ലോകം കടന്നുപോയിക്കൊണ്ടിരിക്കുന്നത്. യുദ്ധവും പലായനവും കാലാവസ്ഥാ വ്യതിയാനങ്ങളും ലോകത്തിന്റെ പല ഭാഗങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഒരു മരണ സംസ്കാരം ലോകത്തിലുടനീളം ശക്തി പ്രാപിച്ചുകൊണ്ടിരിക്കുമ്പോഴും പ്രത്യാശയോടെ ഭാവിയെ ഉറ്റു നോക്കാൻ ഫ്രാൻസിസ് പാപ്പ നമ്മെ ക്ഷണിക്കുകയാണ്. 2024 മെയ് നാലിന് പുറത്തിറക്കിയ Spes non Confundit (പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല) എന്ന ബൂളയിലൂടെ പാപ്പ 2025 ജൂബിലി വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. പാപ്പ പറയുന്നു, ഭാവിയെക്കുറിച്ചുള്ള ആശങ്ക വൈകാരിക സംഘർഷങ്ങളിലേക്കും ആകുലതകളിലേക്കും നിരാശയിലേക്കും നമ്മെ നയിക്കാൻ ഇടയുണ്ട്. ആയതിനാൽ ജൂബിലി വർഷം പ്രത്യാശയിൽ നവീകരിക്കപ്പെടുകയും ദൃഢീകരിക്കപ്പെടുകയും ചെയ്യുന്ന വർഷമായിരിക്കട്ടെയെന്നു പാപ്പ ആശംസിക്കുന്നു.

ജീവിതം മുഴുവൻ പ്രത്യാശയിൽ ജീവിച്ച പരിശുദ്ധ അമ്മയുടെ ദൈവമാതൃത്വ തിരുനാളോടു കൂടിയാണ് നാം പുതുവത്സരം ആരംഭിക്കുന്നത്. പരിശുദ്ധ മറിയം ദൈവമാതാവാണ് എന്നത് സഭയുടെ വിശ്വാസ സത്യമാണ്. "അവിടുന്ന് കന്യകാമറിയത്തിൽ നിന്ന് ശരീരം സ്വീകരിച്ച് മനുഷ്യനായി പിറന്നു" എന്നത് നിഖ്യാ-കോൺസ്റ്റന്റിനോപ്പിൾ വിശ്വാസപ്രമാണം ഏറ്റുപറയുന്നുണ്ട്. അമ്മയെ ദൈവമാതാവ് എന്ന് വിശേഷിപ്പിക്കണമെന്ന് 431 ലെ എഫേസുസ് സൂനഹദോസ് പ്രഖ്യാപിച്ചു. പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാനെ ഗർഭം ധരിച്ച് പ്രസവിച്ചതിനാൽ മറിയം ദൈവമാതാവാണ് എന്ന് ഈ സൂനഹദോസ് പഠിപ്പിക്കുന്നു. മറിയത്തിന്റെ ദൈവമാതൃത്വത്തെ തിരുവചനവും വിശുദ്ധ പാരമ്പര്യവും ഒരുപോലെ പിന്തുണയ്ക്കുന്നുണ്ട്. ലൂക്കാ 1:43 ൽ എലിസബത്ത് പരിശുദ്ധ മറിയത്തെ "കർത്താവിന്റെ അമ്മ" എന്നാണ് വിളിക്കുന്നത്. "നിന്നിൽ നിന്ന് പിറക്കുന്നവൻ... ദൈവപുത്രൻ എന്ന് വിളിക്കപ്പെടും" എന്ന മംഗളവാർത്ത ദൈവമാതൃത്വത്തിന് തെളിവാണ്.

ഈ മാസം നമുക്ക് കുടുംബയൂണിറ്റുകളിൽ വിചിന്തനം ചെയ്യുന്നതിന് ലഭിച്ചിരിക്കുന്ന ഭാഗം മറിയത്തിന്റെ സ്തോത്രഗീതം ആണ്. വിവാഹനിശ്ചയം കഴിഞ്ഞിരുന്ന കന്യകാമറിയത്തിന് ലഭിച്ച ദൈവിക സന്ദേശത്തിന്റെ പരിണിത ഫലമായി ഉണ്ടാകാവുന്ന ജീവിത ക്ലേശങ്ങൾ നിരവധിയായിരിക്കും. അവയെക്കുറിച്ച് ചിന്തിച്ച് ഉത്കണ്ഠപ്പെട്ടിരിക്കാതെ മറിയം ദൈവസ്തുതി പാടുകയാണ്. മറിയത്തിന്റെ മനസ്സ് ഊന്നിയിരിക്കുന്നത് മംഗളവാർത്ത കൊണ്ടുവരുന്ന നന്മകളിലേക്കും അനുഗ്രഹങ്ങളിലേക്കും ആണ്. നമ്മുടെ ഹൃദയവും കേന്ദ്രീകരിക്കേണ്ടത് നമ്മുടെ ജീവിത ക്ലേശങ്ങളിൽ അല്ല മറിച്ച് നമ്മുടെ ജീവിതത്തിൽ വന്നു'ഭവിക്കുന്ന നന്മകളിലാണ്. നമ്മുടെ താഴ്മയും കുറവുകളും ബലഹീനതകളും പോരായ്മകളും ദൈവത്തിന്

*(ശേഷം 27-ാം പേജ് കാണുക)*

# വചനധ്യാനം



# 2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം

**പഠിച്ചൊരുങ്ങാനുള്ള വചനഭാഗം**

- **ന്യായാധിപന്മാർ** 11 : 1 – 22
- **പ്രഭാഷകൻ** 41 : 1 – 6
- **ലൂക്കാ** 17
- **എഫേസോസ്** 1 – 6

1. സഹോദരന്മാരിൽ നിന്ന് ഓടിപ്പോയ ജഫ്താ എവിടെയാണ് താമസിച്ചത്?
2. ഹെഷ്ബോണിലെ അമോര്യ രാജാവിന്റെ പേര്?
3. ന്യായാധിപന്മാർ 18-ാം പ്രകാരം മോവാബിന്റെ അതിർത്തി ഏതാണ്?
4. അർനോൺ മുതൽ ------ വരെയും മരുഭൂമി മുതൽ ജോർദ്ദാൻ വരെയുമുള്ള അമോര്യരുടെ ദേശം മുഴുവൻ കൈവശപ്പെടുത്തി.
5. കർത്താവിന് നേർച്ച നേർന്നത് ആരായിരുന്നു?
6. ആരെപ്പറ്റി ആലോചിക്കുന്നതാണ് സമ്പത്തിന്റെ മദ്ധ്യേ സമാധാനപൂർവ്വം ജീവിക്കുന്നവന് അരോചകമാവുന്നത്?
7. ആയുസ്സ് പത്തോ നൂറോ ആയിരമോ വർഷം ആയിക്കൊള്ളട്ടെ. ------ ൽ അതേപ്പറ്റി ചോദ്യമില്ല.
8. പാപികളുടെ സന്താനങ്ങൾ ----- ആണ്.
9. പാപികളുടെ സന്താനങ്ങൾക്ക് എന്താണ് നശിച്ചുപോവുക?
10. ദൈവഭയമില്ലാത്ത പിതാവിനെ ആരു കുറ്റപ്പെടുത്തുന്നു?
11. നിന്റെ സഹോദരൻ തെറ്റു ചെയ്താൻ എന്തുചെയ്യണമെന്നാണ് ലൂക്ക 17-ാം അദ്ധ്യായത്തിൽ പറയുന്നത്?
12. "ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ" എന്ന് ആരാണ് പറയുന്നത്?
13. ദിവസത്തിൽ ഏഴു പ്രാവശ്യം അവൻ നിനക്കെതിരെ പാപം ചെയ്യുകയും, ഏഴു പ്രാവശ്യം തിരിച്ചുവന്ന് എന്തു പറയുമ്പോഴാണ് നിങ്ങൾ അവനോട് ക്ഷമിക്കേണ്ടത്?
14. ഒരു കടുകു മണിയോളം വിശ്വാസമുണ്ടെങ്കിൽ ഏതു വൃക്ഷത്തോട് ചുവടോടെ ഇളകി കടലിൽ പോയി വേരുറപ്പിക്കാൻ പറഞ്ഞാൽ അതു നിങ്ങളെ അനുസരിക്കും?
15. അവൻ ഒരു ഗ്രാമത്തിൽ പ്രവേശിച്ചപ്പോൾ അകലെ നിന്ന് ആരാണ് അവനെ കണ്ടത്?
16. അവിടുന്ന് തന്റെ പ്രിയപ്പെട്ടവനിലൂടെ ചൊരിഞ്ഞത്?
17. ആർക്കു യോഗ്യമായ രീതിയിലാണ് വർത്തിക്കേണ്ടത്?
18. വിശുദ്ധരിൽ ഏറ്റവും നിസ്സാരൻ ആര്?
19. നാം ദൈവത്തിന്റെ ------ ആണ്.
20. യേശു തന്റെ ശരീരത്തിലൂടെ ഇല്ലാതാക്കിയത് എന്ത്?

**ഉത്തരങ്ങൾ ജനുവരി 15-ാം തീയതിക്ക് മുൻപായി ഇമെയിൽ വഴിയോ, കത്ത് മുഖേനയോ ഓഫീസിൽ അറിയിക്കേണ്ടതാണ്. ശരിയുത്തരങ്ങൾ അയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നു.**

**ഉത്തരങ്ങൾ അയക്കേണ്ട വിലാസം**

didimoskottapuram@gmail.com

**എഡിറ്റർ, ദിദിമോസ്, കാറ്റിക്കിസം ഓഫീസ്, വികാസ്, കോട്ടപ്പുറം – 680 667**



*കർത്താവ് ഉന്നതനാണ്; നമ്മുടെ ദൈവത്തിന്റെ നഗരത്തിൽ അത്യന്തം സ്തുത്യർഹനുമാണ്.*
സങ്കീർത്തനം 48:1

# രൂപത വാർത്തകൾ

## മുനമ്പം ജനതയ്ക്ക് ഐക്യദാർഢ്യവുമായി കോട്ടപ്പുറം രൂപത കെ. എൽ. സി. എ



മുനമ്പം ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കെ.എൽ.സി.എ കോട്ടപ്പുറം രൂപത കോട്ടപ്പുറത്ത് സംഘടിപ്പിച്ച ഐക്യദാർഢ്യ ജ്വാല ബിഷപ്പ് അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്യുന്നു.

## ദൈവദാസൻ തിയോഫിലസ് പാണ്ടിപ്പിള്ളിയച്ചൻ അഖില കേരള ക്വിസ് മത്സരം

ദൈവദാസൻ തിയോഫിലസ് പാണ്ടിപ്പിള്ളി അച്ചൻ, അഖില കേരള ക്വിസ് മത്സരം ഡിസംബർ 15 ഞായറാഴ്ച മടപ്ലാതുരുത്ത് സെന്റ് ജോർജ്ജ് ദൈവാലയത്തിൽ വച്ച് കോട്ടപ്പുറം രൂപത വികാരി ജനറൽ മോൺ. റോക്കി റോബി കളത്തിൽ ഉദ്ഘാടന കർമ്മം നിർവ്വഹിക്കുന്നു.



## ദൈവദാസൻ തിയോഫിലസ് പാണ്ടിപ്പിള്ളിയച്ചൻ അഖില കേരള ക്വിസ് മത്സരം വിജയികൾ









## പുതുതലമുറയ്ക്ക് മാതൃകയായി സമ്പാളൂർ സെന്റ് ഫ്രാൻസീസ് സേവ്യർ തീർഥാടന ദൈവാലയ തിരുനാൾ



കൊടുങ്ങല്ലൂർ കോട്ടപ്പുറം രൂപതയിലെ ചരിത്രപ്രസിദ്ധമായ സമ്പാളൂർ തീർത്ഥാടന കേന്ദ്രത്തിൽ ഇടവക ദിനവും, മതസൗഹാർദ്ദ സമ്മേളനം, ഡയാലിസിസ് രോഗികൾക്കായി 'കാരുണ്യ കരസ്പർശം' പദ്ധതിയുടെ ഉദ്ഘാടനവും നടത്തപ്പെട്ടു. തിരുനാളിനോടനുബന്ധിച്ച് നിർധയരായ 20 ഓളം നിർധനരായ ഡയാലിസിസ് രോഗികൾക്കായി ധനസഹായം നൽകി.

## കെ.എൽ.സി.എ കോട്ടപ്പുറം രൂപത ; സമുദായദിനാചരണവും മെറിറ്റ് അവാർഡ് വിതരണവും



നമ്മളിൽ അന്തർലീനമായിരിക്കുന്ന കഴിവുകളിൽ വിശ്വാസം അർപ്പിച്ച് ലക്ഷ്യങ്ങൾ നേടാൻ കഴിയട്ടെയെന്നും അതിലൂടെ മറ്റുള്ളവർക്ക് പ്രചോദനം നൽകാൻ നമ്മുക്ക് കഴിയണമെന്നും അഭിവന്ദ്യ അബ്രോസ് പുത്തൻവീട്ടിൽ പിതാവ്. വികാസ് ആൽബർടൈൻ അനിമേഷൻ സെന്ററിൽ വച്ച് കെ.എൽ.സി.എ കോട്ടപ്പുറം രൂപത നടത്തിയ സമുദായ ദിനാചരണവും മെറിറ്റ് അവാർഡ് വിതരണവും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരു അഭിവന്ദ്യപിതാവ്.

## സാൻജോ മീറ്റ്

കോട്ടപ്പുറം രൂപതയിലെ ദമ്പതികൾക്ക് വേണ്ടി നടത്തുന്ന സാൻജോ മീറ്റ് (ട്രെയിനിങ് പ്രോഗ്രാം) പറവൂർ ഡോൺ ബോസ്കോ ദൈവാലയം, ചാത്തനാട് സെന്റ് വിൻസന്റ് ഫെറർ ദൈവാലയം എന്നിവിടങ്ങളിൽ നടത്തപ്പെട്ടു.





## ബി.സി.സി അറിയിപ്പ്

പുതിയ കേന്ദ്രസമിതി ഭാരവാഹികൾ (ആനിമേറ്റർ സിസ്റ്റർ, പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ഖജാൻജി) എന്നിവരുടെ മീറ്റിംഗ് ജനുവരി 5-ന് ഉച്ചയ്ക്ക് 2 നും പുതിയ ശുശ്രൂഷ സമിതി ഭാരവാഹികളുടെ മീറ്റിംഗ് ജനുവരി 19-ന് ഉച്ചയ്ക്ക് 2 നും വികാസ് ആൽബർടൈൻ ആനിമേഷൻ സെന്ററിൽ വച്ച് നടത്തുന്നു.



അങ്ങയുടെ രക്ഷയുടെ സന്തോഷം എനിക്കു വീണ്ടും തരണമേ!
ഒരുക്കമുള്ള ഹൃദയം നൽകി എന്നെ താങ്ങണമേ!
സങ്കീർത്തനം 51:12

# 'Feliz Natal 2024' ആഘോഷിച്ചു



കോട്ടപ്പുറം രൂപതാ വൈദീകരും കുടുംബാംഗങ്ങളും അഭിവന്ദ്യ അംബ്രോസ് പിതാവിനോടൊപ്പം ക്രിസ്തുമസ് ആഘോഷത്തിനായി കോട്ടപ്പുറം കത്തീഡ്രൽ ദേവാലയത്തിൽ ഒരുമിച്ചുകൂടി

# കോട്ടപ്പുറം രൂപത രജത-സുവർണ്ണ ജൂബിലി സംഗമവും ക്രിസ്മസ് സ്മൈൽ 2024-വും നടത്തി



കോട്ടപ്പുറം രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ വിവാഹത്തിന്റെ രജത-സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവരുടെ സംഗമവും ക്രിസ്മസ് സ്മൈൽ-2024 (മക്കളില്ലാത്ത ദമ്പതികൾ) സംഗമവും നടത്തി. കോട്ടപ്പുറം സെന്റ് മൈക്കിൾസ് കത്തീഡ്രലിൽ നടന്ന സംഗമം കോട്ടപ്പുറം രൂപത മെത്രാൻ റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം ചെയ്തു.

---

*(23-ാം പേജ് തുടർച്ച )*

നമ്മിൽ പ്രവർത്തിക്കാനുള്ള അവസരമാണെന്ന് തിരിച്ചറിയണം. കുറവുകളിൽ ഉത്കണ്ഠാകുലരാകാതെ ദൈവത്തോട് ചേർന്നു നിൽക്കുമ്പോൾ വലിയ കാര്യങ്ങൾ നമ്മിലും സംഭവിക്കുന്നത് കാണാനാവും.

ദൈവഹിതം ഭംഗിയായി നിറവേറ്റിയ പരിശുദ്ധ ദൈവമാതാവിന്റെ ജീവിതം നമുക്ക് മാതൃകയാണ്. ജീവിതാവസ്ഥകളിൽ സഹനങ്ങൾ ഒന്നിന് പിറകെ ഒന്നായി വരുമ്പോൾ അമ്മയെപ്പോലെ ദൈവഹിതത്തിന് പൂർണമായും സമർപ്പിക്കാൻ നമുക്ക് ഈ അമ്മയുടെ മാധ്യസ്ഥ്യം തേടാം. പുതുവർഷത്തിൽ പരിശുദ്ധ അമ്മയുടെ മാതൃസഹജമായ സ്നേഹവും വാത്സല്യവും നമ്മുടെ ജീവിതങ്ങളിൽ അനുഭവിക്കാൻ സാധിക്കട്ടെ എന്നു ആശംസിക്കുന്നു.

**ചർച്ചയ്ക്ക്:**

1. *ഈ പുതുവർഷത്തിലും ജൂബിലി വർഷത്തിലുമായിരിക്കുന്ന നമുക്ക് ആത്മീയ തലത്തിലെ പുതിയ തീരുമാനങ്ങൾ എന്തെല്ലാം നടപ്പിൽ വരുത്തുവാൻ സാധിക്കും?*
2. *പ്രത്യാശയുടെ തീർത്ഥാടകരായി ജൂബിലി വർഷത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെടുക്കാം?*

**പ്രവർത്തനത്തിന്:**

1. *കുടുംബയൂണിറ്റ് തലത്തിൽ ഒരു ടീമിനെ തിരഞ്ഞെടുത്ത് ഓരോ മാസവും ജൂബിലി വർഷത്തിന്റെ പരിപാടികൾ യൂണിറ്റുകളിൽ നടപ്പിലാക്കുവാൻ പദ്ധതി തയ്യാറാക്കുക.*

■

## പിതാവിന്റെ ഡയറി -ജനുവരി 2025

| | | | |
|---|---|---|---|
| 03\|01\|25 | FRIDAY | 10.00 AM | INAGURAL SPEECH, POC |
| 05\|01\|25 | SUNDAY | 3.00 PM | OATH TAKING CEREMONY OF BCC, VIKAS |
| | | 4.00 PM | MEETING FOR VYPIN-MUNABAM ISSUE |
| 07\|01\|25 | TUESDAY | 10.30 AM | MASS, CHETTIKAD |
| 08\|01\|25 | WEDNESDAY | 5.00 PM | MASS @ HOLY FAMILY CHURCH, MUNABAM |
| 09\|01\|25 | THURSDAY | 11.00 AM | MASS @ CSST CONVENT, AREEPALAM |
| 10\|01\|25 | FRIDAY | | KRLCBC, NEYYATTINKARA |
| 11\|01\|25 | SATURDAY | | KRLCBC, NEYYATTINKARA |
| 12\|01\|25 | SUNDAY | | KRLCBC, NEYYATTINKARA |
| 14\|01\|25 | TUESDAY | 6.30 PM | MASS, CHELLANAM |
| 15\|01\|25 | WEDNESDAY | 5.30 PM | MASS AND HOMILY, EDAMUTTAM |
| 16\|01\|25 | THURSDAY | 9.30 AM | CASUS, BISOP'S HOUSE |
| | | 5.00 PM | MASS AND HOMILY, MALAVANA, PUTHENVELIKKARA |
| 18\|01\|25 | SATURDAY | 10.30AM | ORDINATION, PAZHAGAD |
| 19\|01\|25 | SUNDAY | 10.30AM | CHURCH BLESSING OF ASSISI BHAVAN, AMBALOOR |
| | | 3.00 PM | OATH TAKING CEREMONY OF BCC, VIKAS |
| 20\|01\|25 | MONDAY | 5.30PM | MASS AND HOMILY, GOTHURUTH |
| 22\|01\|25 | WEDNESDAY | 5.00 PM | MASS @INFANT JESUS CHURCH, KADAKKARA |
| 23\|01\|25 | THURSDAY | 5.00 PM | MASS AND HOMILY, MUNNAR |
| 24\|01\|25 | FRIDAY | 10.30 AM | JUBILEE OF ST. MARY'S HIGH SCHOOL, PALLIPORT |
| | | 5.00 PM | MASS, KOTTUVALLY |
| 25\|01\|25 | SATURDAY | 5.00 PM | MASS AND HOMILY, PALAKKAD |
| 26\|01\|25 | SUNDAY | 9.30AM | MASS @ ST. PAUL'S CHURCH, MANANCHERIKUNNU |
| | | 4.00 PM | SCHOLARSHIP STUDENTS GATERING, VIKAS |
| 27\|01\|25 | MONDAY | | CCBI, BHUVANESHWAR |
| 28\|01\|25 | TUESDAY | | CCBI, BHUVANESHWAR |
| 29\|01\|25 | WEDNESDAY | | CCBI, BHUVANESHWAR |
| 30\|01\|25 | THURSDAY | | CCBI, BHUVANESHWAR |
| 31\|01\|25 | FRIDAY | | CCBI, BHUVANESHWAR |



അവിടുന്ന് നീതിയുടെ മാർഗങ്ങൾസംരക്ഷിക്കുന്നു; തന്റെ വിശുദ്ധരുടെ
വഴികാത്തുസൂക്ഷിക്കുന്നു

സുഭാ 2:8




2025 ജനുവരി 20 ന്
മെത്രാഭിഷേകത്തിന്റെ
ഒന്നാം വാർഷികം ആഘോഷിക്കുന്ന

**റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ പിതാവിന്**

**പ്രാർത്ഥനാശംസകൾ...**

**ദിദിമോസ് കുടുംബം**


## ജൂബിലി 2025

2024 ഡിസംബർ 24-ാം തീയതി ഇറ്റാലിയൻ സമയം വൈകീട്ട് ഏഴുമണിക്ക് വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിലെ പ്രധാന കവാടത്തിന് സമീപമുള്ള വിശുദ്ധ കവാടം പരിശുദ്ധ പിതാവ് തുറന്നതോടുകൂടി ജൂബിലി വർഷത്തിന് ആരംഭം കുറിച്ചു. ഡിസംബർ 29 നു ലോകമെമ്പാടുമുള്ള രൂപതകളിലെ കത്തീഡ്രൽ ദേവാലയങ്ങളിൽ ജൂബിലി വർഷം ഉദ്ഘാടനം ചെയ്യപ്പെട്ടു. പ്രത്യാശയുടെ തീർത്ഥാടകർ എന്ന സന്ദേശമാണ് ജൂബിലി ലോഗോയിൽ ഉള്ളത്. ലോഗോയിലെ നാല് വ്യക്തികൾ നാല് ദിശകളിൽ നിന്നും വരുന്ന മനുഷ്യരാശിയെ സൂചിപ്പിക്കുന്നു. അവർ പരസ്പരം ചേർന്നു നിൽക്കുന്നു, മനുഷ്യർ തമ്മിൽ ഉണ്ടാകേണ്ട സാഹോദര്യത്തെയും ബന്ധത്തെയും ഇതു ഓർമ്മപ്പെടുത്തുന്നു. നാലു നിറങ്ങളിലാണ് ഈ വ്യക്തികളെ ചിത്രീകരിച്ചിരിക്കുന്നത്. ചുവപ്പ് സ്നേഹത്തിന്റെ അടയാളമാണ്. യേശുവിന്റെ പരിധികളില്ലാത്ത സ്നേഹത്തെയും ആത്മത്യാഗത്തെയും പരിശുദ്ധാത്മാവിന്റെ തീജ്വാലയെയും ഈ നിറം സൂചിപ്പിക്കുന്നു. മഞ്ഞനിറം സന്തോഷം, ഊർജ്ജസ്വലത, വിശ്വാസവഴിയെ പ്രകാശിപ്പിക്കുന്ന വെളിച്ചം എന്നിവയെ സൂചിപ്പിക്കുമ്പോൾ പച്ചനിറം പ്രത്യാശയെയും വീണ്ടും ജനനത്തെയും ദ്യോതിപ്പിക്കുന്നു. നീലനിറം വിശ്വാസം, സമാധാനം, ആത്മീയത എന്നിവയെ സൂചിപ്പിക്കുന്നു. ഏറ്റവും മുന്നിൽ നിൽക്കുന്ന വ്യക്തി കുരിശ് മുറുകെ പിടിച്ചിരിക്കുന്നു. കുരിശ് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും അടയാളമാണ്. ജീവിതത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിൽ കുരിശ് നമുക്ക് പ്രത്യാശ തരുന്നു എന്ന് ഓർമ്മപ്പെടുത്തുന്നു. ലോഗോയിലെ തിരമാല ജീവിതത്തിലെ കാറ്റും കോളിനേയും സൂചിപ്പിക്കുന്നു. കുരിശിന്റെ അടിഭാഗം കടലിനടിയിൽ നങ്കൂരമിട്ടിരിക്കുന്നു. കാറ്റിലും കോളിലും അടി പതറാതെ നിൽക്കുന്ന കർത്താവിന്റെ കുരിശ് നമ്മുടെ ജീവിതങ്ങളെ പ്രതിസന്ധികളിൽ ആടിയുലയാൻ അനുവദിക്കില്ല. ലോഗോയിലെ ചരിഞ്ഞ കുരിശ് മനുഷ്യമക്കളിലേക്ക് ചാഞ്ഞ് സംരക്ഷണമായി നിലകൊള്ളുന്ന പ്രത്യാശയുടെ അടയാളമാണ്. ലോഗോയുടെ അടിഭാഗത്ത് ജൂബിലിയുടെ സന്ദേശം നൽകിയിരിക്കുന്നു: പ്രത്യാശയുടെ തീർത്ഥാടകർ.


കടക്കര ഉണ്ണിമിശിഹാ ദൈവാലയത്തിൽ
സ്വതന്ത്ര ഇടവക പ്രഖ്യാപനവും
ജൂബിലി തിരുനാളും
അത്ഭുത ഉണ്ണീശോയുടെയും
പരിശുദ്ധ ദൈവമാതാവിന്റെയും
വിശുദ്ധ സെബസ്ത്യാനോസിന്റെയും
തിരുനാളും
2025 ജനുവരി
22 മുതൽ 26 വരെ
നവനാൾ ദിനങ്ങൾ
ജനുവരി 13 മുതൽ 21 വരെ
കുടുംബ വിശുദ്ധീകരണ
ധ്യാന ദിനങ്ങൾ
ജനുവരി 18, 19
കൊടികയറ്റം
ജനുവരി 22
അമ്പ്തിരുനാൾ
ജനുവരി 25
തിരുനാൾ ദിനം
ജനുവരി 26